TRUTH SHALL MAKE YOU FREE

# മലങ്കരസഭ

## മാസിക




ജന്മശതാബ്ദി ആഘോഷിക്കുന്ന കാലംചെയ്ത
തോമാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ.

1987 ജൂൺ
ലക്കം 6
പുസ്തകം





പ. ബാവാ തിരുമനസ്സിലെ 81–ാം ജന്മദിനത്തിൽ മാവേലിക്കര മർച്ചൻറ്സ് അസോസിയേഷനു വേണ്ടി പ്രസിഡൻറ് ശ്രീ. സി. ചാക്കോ ആശംസകൾ അർപ്പിക്കുന്നു.



3–4–1987–ൽ സ്ഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കൂദാശചെയ്ത നരസിംഹരാജപുരം സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി.






# മലങ്കരസഭ

10–6–1987



എഡിറ്റോറിയൽ

## സണ്ടേസ്ക്കൂൾ പ്രസ്ഥാനം

സഭയിലും സഭാംഗങ്ങളുടെ ജീവിതത്തിലും സണ്ടേസ്ക്കൂൾ പ്രസ്ഥാനം ചെലുത്തിക്കൊണ്ടിരിക്കുന്ന അതുല്യമായ ആദ്ധ്യാത്മിക ധാർമ്മിക സ്വാധീനങ്ങളെപ്പററി അഭിനന്ദനപൂർവമേ ആർക്കും അനുസ്മരിക്കാനാവൂ. ചെറിയ തോതിൽ ആരംഭിച്ച ഈ പ്രസ്ഥാനം ഇന്ന് കേരളത്തിൽതന്നെ എണ്ണൂറിൽ പരം സ്ക്കൂളുകളും ഏഴായിരം അദ്ധ്യാപകരും അറുപതിനായിരം വിദ്യാർത്ഥികളുമുള്ള ഒരു മഹത്സ്ഥാപനമാണെന്ന കാര്യം, വളർന്നുകൊണ്ടിരിക്കുന്ന മലങ്കരസഭയുടെ ചൈതന്യത്തെയാണ് വിളിച്ചറിയിക്കുന്നത്. സഭയുടെ ശക്തി നിലകൊള്ളുന്നത് അതിൻെറ ഭൗതിക സ്ഥാപനങ്ങളിലും ആസ്തികളിലുമല്ലെന്നും നല്ല ജീവിതം നയിക്കുന്ന വ്യക്തികളിലും അവരുടെ ഉത്തമസാക്ഷ്യത്തിലും ആണെന്നുമുള്ള യാഥാർത്ഥ്യം ഭൗതികപുരോഗതിയുടെ ഉച്ചകോടിയിൽ എത്തിയിരിക്കുന്ന ഇക്കാലത്തും ചിന്തകന്മാർ സമ്മതിക്കുന്നുണ്ട്. അങ്ങനെ സഭാസ്നേഹികളെ സൃഷ്ടിക്കുകയും സഭയുടെ ദൗത്യം നിറവേററാൻ സഹായിക്കുകയും ചെയ്യുന്നവരുടെ നഴ്സറിയായ സണ്ടേസ്ക്കൂളിന് ഇന്നു നൽകപ്പെടുന്നതിൽ കൂടുതൽ പ്രാധാന്യം ലഭിക്കണമെന്നാണ് ആണ്ടുതോറും ആചരിച്ചുവരുന്ന സണ്ടേസ്ക്കൂൾദിനം അനുസ്മരിപ്പിക്കുന്നത്.

ദൈവത്തിൻെറ ജനങ്ങളിൽ പരിശുദ്ധാത്മാവ് ആവസിച്ച പെന്തിക്കോസ്തി ദിനത്തിൽ നിഷ്കളങ്കതയുടെ നിറകുടങ്ങളായ കുഞ്ഞുങ്ങൾ ഉൾക്കൊള്ളുന്ന ഈ പ്രസ്ഥാനം സണ്ടേസ്ക്കൂൾ ദിനമായി ആചരിക്കുന്നതു തികച്ചും അർത്ഥവത്താണ്. ഈ ജൂൺ ഏഴാം തീയതി ഞായറാഴ്ച ആചരിച്ച സണ്ടേസ്ക്കൂൾ ദിനത്തിൽ പ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും സംഭാവനകൾ നൽകുകയും കുട്ടികളെ സണ്ടേസ്ക്കൂളിൽ അയക്കാൻ കൂടുതൽ ഉൽസാഹിക്കുകയും അതുവഴി അവരുടെ ആദ്ധ്യാത്മിക ജീവിതത്തെ പോഷിപ്പിക്കുകയും ചെയ്യണമെന്നു പ. കാതോലിക്കാബാവാ തിരുമേനിയും സണ്ടേസ്ക്കൂൾ അസോസിയേഷൻ പ്രസിഡൻറു കൂടിയായ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയും

### ഈ ലക്കത്തിൽ


* എഡിറ്റോറിയൽ:
* ധ്യാനപംക്തി
* സിക്കറോസിൻെറ ലാർണക്കാ പ്രഖ്യാപനം
* രണ്ടു നിയമങ്ങൾ
* മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
* നാലാം സുവിശേഷത്തിലൂടെ ഒരു തീർത്ഥയാത്ര
* യേശുനാഥൻെറ പൂന്തോട്ടം
* Emerging Perspectives in Understanding the History ....
* ആത്മാഭിമാനം (Self-respect)
* ഹൈറേഞ്ചിൽ ഒരു ആതുരാലയം
* ബൈബിൾപഠനം
* സഭാവാർത്തകൾ

പ്രത്യേകം പ്രത്യേകം കല്പനകൾവഴി സഭാംഗങ്ങളെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. വി. വേദപുസ്തക
സത്യങ്ങൾ സഭയുടെ വിശ്വാസം, ചരിത്രം, ആരാധനാനുഷ്ഠാനങ്ങൾ മുതലായവ കൊച്ചുകുട്ടികളെ പഠി
പ്പിച്ചു ധന്യരാക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കണമെന്നുള്ള ചിന്താർഹമായ ഉദ്ബോധനമാണ് പ. ബാവാ
തിരുമേനിയുടെ കല്പനയുടെ രത്നച്ചുരുക്കം. 'Catch them young' എന്ന മുദ്രാവാക്യം ഇന്ന് എല്ലാ
സംഘടനകളും രാഷ്ട്രീയ പാർട്ടികളും സ്വീകരിച്ചു പ്രവർത്തിക്കുമ്പോൾ സഭയും ഇതിനു പരമപ്രാധാ
ന്യം നൽകേണ്ടതാണ്.

ഇത്രയധികം പ്രാധാന്യമുള്ള സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിൽ തങ്ങളുടെ കുട്ടികളെ അയച്ച
സഹകരിക്കാത്ത ഒട്ടധികം കുടുംബങ്ങൾ, വിശിഷ്യാ സാമ്പത്തികമായി ഉയർന്നുനിൽക്കുന്ന കുടുംബങ്ങൾ
സഭയിൽ ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. തൽഫലമായി കുഞ്ഞുങ്ങളിൽ ഗണ്യമായ വിഭാഗത്തിന്
സണ്ടേസ്ക്കൂൾ പഠനംവഴി ലഭിക്കുന്ന ആദ്ധ്യാത്മിക ഉത്തേജനവും സൽപ്രേരണകളും സ്നേഹവും
നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നത്. ഇത് സഭയ്ക്കും സഭാംഗങ്ങൾക്കും സമൂഹത്തിനും തങ്ങാനാവാത്ത
ഒരു നഷ്ടമാണെന്നും അതുകൊണ്ട് ഈ നഷ്ടം നികത്തത്തക്കവണ്ണം ഓരോ കുടുംബവും തങ്ങളുടെ
കുഞ്ഞുങ്ങളെ സണ്ടേസ്ക്കൂൾ പഠനത്തിനയച്ച് ഈ നഷ്ടം പരിഹരിക്കുന്നതിൽ സത്വരശ്രദ്ധ പതിപ്പി
ക്കണമെന്നും ഈ അവസരത്തിൽ ഓർപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ചെറുപ്പത്തിലേ കുട്ടികളെ യഹോവ ഭക്തിയിലും ജ്ഞാനത്തിലും വളർത്തിക്കൊണ്ടു വരുന്നതിനുള്ള
മറെറാരു മാർഗമായി സണ്ടേസ്ക്കൂൾ പ്രസ്ഥാനം ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്ക്കൂൾ
നടത്തുന്നതിൻെറ ചുമതലകൂടി ഏറെറടുക്കുവാൻ സാധിച്ചത് ഒരു വലിയ നേട്ടം തന്നെയാണ്. ഇക്കൊല്ലം
നൂററമ്പതോളം യൂണിററുകളിലായി ഇരുപതിനായിരം കുട്ടികൾക്കു മധ്യവേനൽ അവധിക്കാലത്ത്
അവരുടെ സമയം പാഴാക്കാതെ ബൈബിളിലും മററ് ആദ്ധ്യാത്മിക വിഷയങ്ങളിലും ക്രിസ്തീയ
ഗാനാലാപനത്തിലും മററും പരിശീലനം നൽകാൻ സാധിച്ചത് സണ്ടേസ്ക്കൂളിൻെറ ചരിത്രത്തിലെ തിള
ങ്ങുന്ന ഒരദ്ധ്യായമാണ്. സണ്ടേസ്ക്കൂൾ ക്ളാസുകളിലേക്കും ഒ വി. ബി. എസ്. കോഴ്സുകളി
ലേക്കും ആവശ്യമായ പുതിയ പുസ്തകങ്ങൾ തയ്യാറാക്കി യഥാസമയം വിതരണം ചെയ്യുന്നതിനും
സാധിച്ചിട്ടുണ്ട്.

ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളിൽ പരമപ്രാധാന്യം ഉള്ള സണ്ടേസ്ക്കൂളിന് അർഹിക്കുന്ന പ്രോ
ത്സാഹനവും സഹായവും ലഭിക്കുന്നില്ലെന്നുള്ള വസ്തുത അടിസ്ഥാനരഹിതമല്ല. സഭാകേന്ദ്ര—
ഭദ്രാസന—ഇടവകതലങ്ങളിൽനിന്നു കൂടുതൽ സാമ്പത്തികസഹായം ലഭിച്ചെങ്കിൽ മാത്രമേ വിഭാവനം
ചെയ്തിട്ടുള്ള പുരോഗമന പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളു. സണ്ടേസ്ക്കൂൾ കേന്ദ്ര ആപ്പീ
സിൻെറ രണ്ടാംനില പൂർത്തിയാക്കേണ്ടതു പ്രസ്ഥാനത്തിൻെറ ചിട്ടയായ പ്രവർത്തനങ്ങൾക്ക് അത്യന്താ
പേക്ഷിതമാണ്. ഇക്കാര്യം മാർ കൂറിലോസ് തിരുമേനിയുടെ കല്പനയിൽ ഊന്നിപ്പറഞ്ഞിട്ടുമുണ്ട്.

സണ്ടേസ്കൂളിൻെറ പ്രാധാന്യം സഭാംഗങ്ങളെ അനുസ്മരിപ്പിക്കുന്നതിനും അതിനുവേണ്ടി
പ്രാർത്ഥിക്കുന്നതിനും ധനശേഖരണം നടത്തുന്നതിനുമാണ് സണ്ടേസ്ക്കൂൾദിനം പ്രത്യേകമായി ആച
രിക്കുന്നത്. പള്ളികളിലെ ആ ദിനത്തിലുള്ള കാണിക്കയും പ്രത്യേക കവർപിരിവുമാണ് സണ്ടേസ്ക്കൂ
ളിൻെറ പ്രധാന വരുമാനം. ചില ഇടവകകൾ കാണിക്കയുടെ ഒരംശം അനന്യാസ് ദമ്പതികളെപ്പോലെ
മാററിവച്ചശേഷം ബാക്കിയുള്ളത് അയച്ചുകൊടുക്കുന്നതായി കാണുന്ന രീതി ഒട്ടും അഭിലഷണീയമല്ല.
ഒതററായ മാതൃകയുമാണ്. ഓരോ ഇടവകയും അതതിൻെറ ബജററിൽ അവിടുത്തെ സണ്ടേസ്ക്കൂളിനു
ഗണ്യമായ ഒരു തുക വകയിരുത്തുകയും കേന്ദ്രത്തിലേക്കുള്ള കാണിക്കയും കവർപിരിവും അങ്ങേയററം
വിജയിപ്പിക്കുകയും ചെയ്താൽ സണ്ടേസ്ക്കൂൾ പ്രവർത്തനങ്ങൾ വളരെയധികം മെച്ചപ്പെടുത്തുകയും
തന്മൂലം സഭയുടെ ആദ്ധ്യാത്മിക മുഖച്ഛായ മാററാൻ ഇതിനു കഴിയുകയും ചെയ്യുമെന്നുള്ളതിനു
രണ്ടുപക്ഷമില്ല.

പ്രതിഫലേച്ഛ കൂടാതെ സണ്ടേസ്ക്കൂളിനു ചൈതന്യം പകരുകയും നേതൃത്വം നൽകുകയും ചെ
യ്യുന്ന ശതക്കണക്കിനു വൈദികരുടെയും മററു സഭാസ്നേഹികളുടെയും അദ്ധ്യാപകരുടെയും ഇതര
പ്രവർത്തകരുടെയും നിസ്വാർത്ഥമായ സേവനം ഈ സുദിനത്തിൽ ഞങ്ങൾ കൃതജ്ഞതാപൂർവം അനു
സ്മരിക്കുകയും 'എൻെറ കുഞ്ഞാടുകളെ മേയ്ക്കുക' എന്ന കർതൃകല്പന ഒരിക്കൽകൂടി എല്ലാവരെയും
ഓർമ്മപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

---



ധ്യാന പംക്തി

# ആത്മാവേ, നീ എങ്ങോട്ട് ഓടുന്നു ?

ഫാദർ ലാസ്സറസ്, ഓ. ഐ. സി.

പഴയനിയമ പുസ്തകങ്ങളിൽ നമ്മുടെ ശ്രദ്ധയെ എല്ലാവിധത്തിലും 'ആകർഷിക്കുന്ന മനോഹരമായ ഒരു പുസ്തകമാണ് രൂത്തിൻെറ പുസ്തകം. ക്ഷാമവും അരാജകത്വവും നടമാടുന്ന ഒരു അന്തരീക്ഷത്തിൽ ആരംഭിക്കുന്ന ആ കഥ അവസാനിക്കുന്നത് യേശുക്രിസ്തുവിൻെറ പൂർവപിതാവായ ദാവീദിൻെറ വല്യപ്പൻ ഓബേദിൻെറ ജനനത്തിൻെറ സന്തോഷത്തിലാണ്. ഇവിടെ പ്രതീകാത്മകമായ അർത്ഥമാണ് ഈ ചരിത്രസംഭവത്തിൽനിന്ന് ചൂണ്ടിക്കാണിക്കുവാൻ പോകുന്നത്. രൂത്ത് 1: 1–5 വായിക്കുക.

ആദ്യമായി എലിമേലേക്കും അയാളുടെ ഭാര്യ നവോമിയും പുത്രൻമാരായ മഹ്ളോൻെറയും കില്യോൻെറയും കൈ പിടിച്ചുകൊണ്ട് ബത്ലഹേമിൽനിന്ന് ഓടിപ്പോകുന്ന രംഗമാണ് നാം കാണുന്നത്. പട്ടിണിയുടെയും ക്ഷാമത്തിൻെറയും മുറവിളികളുടേയും മദ്ധ്യത്തിൽ എലിമേലേക്കും കുടുംബവും ഓടിപ്പോകുന്നു.

## ബത്ലഹേം.

എവിടെനിന്നാണ് ആ കുടുംബം ഓടുന്നത്? ബത്ലഹേമിൽനിന്ന്. ബത്ലഹേം എന്നവാക്കിന് 'അപ്പത്തിൻെറ ഭവനം എന്നാണർത്ഥം. സമൃദ്ധിയുടെ ദേശമാണത്, പിന്നീട് സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പമായ പുത്രൻതമ്പുരാൻ ജനിച്ച ബത്ലഹേം തന്നെ. യിസ്രായേൽ മക്കൾ എന്നെന്നും അഭിമാനം കൊണ്ടിരുന്ന പ്രിയ നഗരം തന്നെ. ദൈവസാമീപ്യവും സാന്നിദ്ധ്യവും സദാ അനുഭവിച്ചുകൊണ്ടിരുന്ന ആ നഗരത്തിൽ നിന്നാണ് നിരാശാനിർഭരമായ ഹൃദയത്തോടുകൂടി എലിമേലേക്കും കുടുംബവും ഓടുന്നത്.

നിരാശ വരുമ്പോൾ ദൈവസ്നേഹത്തിൽനിന്നും, അപ്പത്തിൻെറ ഭവനത്തിൽനിന്നും നാമും ചിലപ്പോഴൊക്കെ ഓടിപ്പോകാറുണ്ട്. 'പ്രാവിനുള്ളതുപോലെ ചിറകുണ്ടായിരുന്നെങ്കിൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായിരുന്നു' (സങ്കീ. 55: 6) എന്ന് ദാവീദു രാജാവിനെപ്പോലെ നാം ചിലപ്പോഴൊക്കെ ആശിച്ചുപോകാറുണ്ട്. പക്ഷേ ഈ പിൻമാററം, ഈ ഓടിപ്പോക്ക് പ്രശ്നത്തിൽനിന്നുള്ള രക്ഷപ്പെടൽ ആവില്ലെന്ന് ഓർക്കേണ്ടതുണ്ട്. ഒരു ഭക്തൻ പറയുന്നു, 'ലോകത്തേയും അതിൻെറ മോഹങ്ങളേയും ഭയന്ന് അതിൽനിന്നും രക്ഷ പ്രാപിക്കുവാൻ ഞാൻ മണലാരണ്യത്തിലേക്കു പോയി. പക്ഷെ അവിടെയും ലോകം എന്നെ പിന്തുടർന്നു. ലോകം എൻെറ ഹൃദയത്തിലുണ്ടായിരുന്നു.' നമ്മുടെ ബത്ലഹേമിൽതന്നെ ദൈവം നമ്മെ സന്ദർശിക്കുവോളം നാം കാത്തിരിക്കേണ്ടതാണ്. സ്വന്തം ആലോചനയാൽ ഓടിപ്പോനായി ദൈവത്തിൻെറ അനുഗ്രഹങ്ങളെ നാം നഷ്ടമാക്കിക്കളയരുത്.

### ഭക്തിവാക്യങ്ങൾ

#### പരിശുദ്ധാത്മാവ്

'കർത്താവിൻെറ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിൻെറ ദാനമായി, തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച്, അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു.' 2 കൊരി. 3:18 b.

## എലിമേലേക്ക്

അപ്പത്തിൻെറ ഭവനത്തിൽനിന്നും ഓടിപ്പോയവൻ ആര്? എലിമേലേക്ക്. ആ പേരിൻെറ അർത്ഥം 'ദൈവം രാജാവാകുന്നു' എന്നാണ്. അക്കാലത്ത് പേര് ഒരാളിൻെറ സ്വഭാവവും രീതിയും വ്യക്തിത്വവും എല്ലാം പ്രകടമാക്കുന്നതായിരുന്നു. ഇടയ്ക്കിടെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ന്യായാധിപൻമാർ ന്യായപാലനം നടത്തിയിരുന്ന കാലത്തു ജനിച്ച എലിമേലേക്കിന് 'ദൈവം രാജാവാകുന്നു' എന്ന പേര് അന്വർത്ഥമായിരുന്നു.

എന്നാൽ ഒരു പ്രയാസഘട്ടം വന്നപ്പോൾ അവൻ ദൈവത്തിൽനിന്നും ഓടിപ്പോയി.

നാമും എലിമേലേക്കുമാരാണ്. വി. മാമോദീസായിൽ ദൈവത്തിൽനിന്നും വീണ്ടും ജനിച്ച രാജകുമാരൻമാരും കുമാരികളുമാണ്. എന്നിട്ടും പ്രശ്നങ്ങൾ വരുമ്പോൾ ബത്‌ലഹേമിൽനിന്നും ഓടുവാൻ ശ്രമിക്കുന്നു. ദൈവത്തിന്റെ ഇഷ്ടമാണോ എന്നു ചിന്തിക്കാതെ നമ്മുടെ ബുദ്ധിയുടെ പ്രേരണയിൽ പലപ്പോഴും നാം ഓടിപ്പോകാറുണ്ട്. പക്ഷെ ദുഃഖവും കടുത്ത നിരാശയും നമ്മെ അനുഗമിക്കുന്നു.

അങ്ങനെ ദൈവത്തിൽനിന്നും ഓടിപ്പോയി 'മാനിക്യനിസം' എന്ന വേദവിപരീതത്തിൽ ചെന്നുവീണ വി. ആഗസ്തീനോസ് പിൽക്കാലത്ത് ഭൂതകാലത്തേക്ക് കണ്ണോടിച്ചുകൊണ്ട് പറയുന്നതു കേൾക്കുക, 'ഹാ എന്റെ ദൈവമേ! അന്നു ഞാൻ മരിച്ചിരുന്നെങ്കിൽ എന്റെ ആത്മാവ് എവിടെ ആകുമായിരുന്നു? എന്റെ പാപസമ്പൂർണ്ണതയിൽ ഈ ലോകവാസം ഉപേക്ഷിപ്പാൻ അവിടുന്ന് എന്നെ അനുവദിച്ചില്ല.......'

### എലിമേലേക്ക് തനിയെ അല്ല, കുടുംബത്തേയും കൊണ്ടാണ് പോയത്

നവോമിയേയും മക്കളേയും കൂടി ആ ഓടിപ്പോക്കിൽ എലിമേലേക്ക് പങ്കുകാരാക്കി. നാം ദൈവത്തിൽനിന്നും അകലുന്നതോടൊപ്പം മററുള്ളവരേയും പാപത്തിലേക്കു വഴിനടത്തുന്നു. തിന്മയുടെ സാമൂഹ്യവശം ഇതാണ്. ഒരുവന്റെ പാപം ആ കുടുംബത്തെ മുഴുവൻ ബാധിക്കുന്നു.

നമ്മെയും നമ്മുടെ കുഞ്ഞുങ്ങളേയുംകൂടി നശിപ്പിക്കുന്ന പിൻമാററത്തിലേക്കുള്ള നമ്മുടെ പ്രയാണം നമുക്കവസാനിപ്പിക്കാം. അപ്പത്തിന്റെ ഭവനത്തിൽനിന്നും, ദൈവത്തിന്റെ സുഭിക്ഷമായ മേശയിങ്കൽനിന്നും പുറജാതികളുടെ നാട്ടിലേക്കോടുന്ന എലിമേലേക്കിന്റെ ചിത്രം എന്റെ ആത്മാവിന്റെ ചിത്രമാകുന്നു. 'എന്റെ അടുക്കലേക്കു വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' എന്നു പറഞ്ഞ നാഥനോട്, 'നാഥാ ഇതാ ഞാൻ വരുന്നു, ഞാൻ വരുന്നു' എന്നു നമുക്കു പറയാം. 'പാപിയുടെ മരണം ഞാൻ ആഗ്രഹിക്കുന്നില്ല' എന്നു കർത്താവു കല്പിച്ചു. ആ പാപി ഞാനാകുന്നു. സ്നേഹത്തിന്റെ ശീഘ്രലമായ പാദങ്ങൾ ചവിട്ടി പാപം ചെയ്യുന്ന ആത്മാവിനെ അനുഗമിക്കുന്ന ക്ഷമാശീലനായ എന്റെ നാഥാ! നിന്നോടു ചെയ്തുപോയ അകൃത്യങ്ങളെക്കുറിച്ചുള്ള അനുതാപത്താൽ എന്റെ ഹൃദയം നിറയ്ക്കണമേ. നാഥാ! നിന്റെ സ്നേഹത്തിന്റെ ശീതളഛായയിൽ ഞാൻ വിശ്രമിക്കുമാറാകണമേ. നിന്നോടുള്ള സ്നേഹത്താൽ എരിഞ്ഞടങ്ങുവാനായി നിന്റെ കവിഞ്ഞൊഴുകുന്ന സ്നേഹത്താൽ എന്റെ ആത്മാവിനെ നിന്നിലേക്കാകർഷിക്കണമെ.

—o—

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**





Susan John, Rourkela.





Jimmy Mathew, George, Kuwait.

Susan John, Rourkela.



ശാന്തി വർഗീസ്.



Mrs. Titty Philip.



# സിക്കറോസിന്റെ ലാർണക്കാ പ്രഖ്യാപനം

ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

സൈപ്രസിൽ പാം ബീച്ച് ഹോട്ടലിൽവച്ച് സിക്കറോസിന്റെ (Commission on India Church Aid, Refugees and World Service of the World Council of Churches) ഒരു സുപ്രധാന ലോകസമ്മേളനം നടന്നു. (ഇരുപതു വർഷം മുമ്പാണ് ഇതുപോലെ ഒരു സമ്മേളനം ഇംഗ്ളണ്ടിൽ സ്വാൻവിക്കിൽവച്ചു നടന്നത്.) മുന്നൂറിലധികം പ്രതിനിധികൾ സംബന്ധിച്ച പ്രസ്തുത സമ്മേളനത്തിലെ മലയാളികൾ CCA യുടെ (Christian Conference of Asia) ശ്രീ. ജോർജ് നൈനാനും ഈ ലേഖകനും മാത്രമായിരുന്നു. ഇൻഡ്യാക്കാർ ഒൻപതുപേർ ഉണ്ടായിരുന്നതിൽ സി. എസ്. ഐ. സിനഡു സെക്രട്ടറി എം. അസറായയും ഹിന്ദുമതത്തെ പ്രതിനിധീകരിച്ച് ഡോ. ശ്രീനിവാസ് രാധാകൃഷ്ണനും ഉണ്ടായിരുന്നു. ഉത്തരേന്ത്യയിൽനിന്നും വന്ന പ്രൊഫ. ആൽഫ്രഡ് ബർന്നബാസ് കമ്മീഷൻ അംഗവും മെഥഡിസ്ററുകാരനുമായിരുന്നു. സിറിയൻ ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചത് ബയ്റൂട്ടിൽനിന്നും വന്ന ബിഷപ്പ് അത്തനാസ്യോസ് എഫ്രയീം ബർസമായിരുന്നു. WCC ജനറൽ സെക്രട്ടറി എമിലിയോ കാസ്ട്രോ ഉൽഘാടനപ്രസംഗം നിക്കോസ്യായിലെ കത്തീഡ്രൽ പള്ളിയിലെ ആരാധനാനന്തരം അവിടെവച്ചു നടത്തി. കൺസൽട്ടേഷൻ നടന്ന പാംബീച്ച് ഹോട്ടൽ മെഡിററേനിയൻ കടൽത്തീരത്തുള്ള ഒരു നാലുനക്ഷത്ര ഹോട്ടലാണെങ്കിലും ടൂറിസ്ററു സീസൺ കഴിഞ്ഞ അവസരമാകയാൽ കുറഞ്ഞ നിരക്കിൽ സൗകര്യങ്ങളും ഭക്ഷണവും ക്രമീകരിച്ചിരുന്നു. എങ്കിലും യാത്രാച്ചെലവുകളുൾപ്പെടെ 25 ലക്ഷത്തോളം രൂപാ ചെലവായതായറിയുന്നു.

രണ്ടു കീനോട്ടു പ്രസംഗങ്ങളിൽ ആദ്യത്തേത് നടത്തിയത് ആഫ്രിക്കൻ സാമ്പത്തിക കമ്മീഷന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയും യുണൈറഡ് നേഷന്റെ അണ്ടർ സെക്രട്ടറി ജനറലുമായ ഡോ. അഡെബായോ ആഡഡജിയായിരുന്നു. അദ്ദേഹത്തിന്റെ പ്രബന്ധവിഷയം 'മൂന്നാം സഹസ്രാബ്ദത്തിനു മുമ്പ് ലോകം. പരസ്പരവും സ്വയവും നശിപ്പിക്കാതിരിക്കണം.' എന്നതായിരുന്നു. നാല്പതു വർഷംമുമ്പ് 51 രാജ്യങ്ങളോടുകൂടി ആരംഭിച്ച ഐക്യരാഷ്ട്ര സംഘടനയിൽ 1985–ൽ 159 രാജ്യങ്ങൾ അംഗങ്ങളായി ഉണ്ടെങ്കിലും ലോകസമാധാനം അകന്നുകൊണ്ടിരിക്കുന്നു.

ലോക ഗവൺമെൻറിന്റെ സാദ്ധ്യത കുറയുകയാണ്. ലോകത്തിലെ വ്യവസായങ്ങളിൽ 90% വടക്കൻ രാജ്യങ്ങളിലാണ്. യൂറോപ്പിന്റെ യുദ്ധകാല കെടുതിയിൽ സഹായിച്ച മാർഷൽ പ്ളാൻ ഇന്നു നിലനിൽക്കുന്നില്ല. സമ്പന്നരാഷ്ട്രങ്ങൾ ദരിദ്രരാഷ്ട്രങ്ങൾക്കു കൊടുക്കുന്ന കടവും യുദ്ധസാമഗ്രികളും കച്ചവടസാധനങ്ങളും ദരിദ്രരാഷ്ട്രങ്ങളെ കൂടുതൽ കൂടുതൽ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഓരോ രാജ്യവും സമ്പന്നമാകാനുള്ള ശ്രമത്തിൽ ചില രാജ്യങ്ങൾ ലോകം മുഴുവനും ചരക്കുകൾ വിററു കൂടുതൽ സമ്പന്നമാകുമ്പോൾ ഏഷ്യയും ആഫ്രിക്കയും ലാററിൻ അമേരിക്കയും ദാരിദ്രത്തിൽ കൂടുതൽ താഴുകയാണ്. ബ്രസീൽ, മെക്സിക്കോ, സൗത്ത് കൊറിയ, അർജൻറീനാ, ഫിലിപ്പ്യൻസ് എന്നീ ഏഴു രാജ്യങ്ങൾ 1985–ൽ സമ്പന്നരാജ്യങ്ങളുടെ കടം വീട്ടുവാൻ പലിശയായും മററും കൊടുത്തത് 32,000,000,000 ഡോളറാണ്. അത് ആ രാജ്യങ്ങളുടെ ആകെ കയററുമതിയുടെ 20% ആയിരുന്നു. വികസ്വര രാഷ്ട്രങ്ങൾ 1985-ൽ കൊടുത്ത പലിശതന്നെ 54,000,000,000 ഡോളറായിരുന്നു. 1977–ൽ കയററുമതിയുടെ 12% മാത്രം കടം വീട്ടാൻ കൊടുത്ത ദരിദ്ര ആഫ്രിക്ക 1985–ൽ 30% കൊടുത്തു.

ഐക്യസംഘടനകളുടെ 1985–ലെ റിപ്പോർട്ടനുസരിച്ച് 1983–ൽ ലോക യുദ്ധക്കോപ്പുകളുടെ ചെലവ് 750,000,000,000 ഡോളർ ആയിരുന്നു. ഇത് ലോകത്തിലുള്ള ഓരോ പുരുഷനും സ്ത്രീയ്ക്കും കുട്ടിക്കും വിഭാഗിച്ചാൽ 130 ഡോളർവച്ചു

(1500 രൂപയോളം) കൊടുക്കാവുന്ന തുകയാണ്. വികസന സഹായങ്ങളുടെ നാല്പതു മടങ്ങാണ് യുദ്ധ തയ്യാറെടുപ്പിനുവേണ്ടി ചെലവഴിക്കുന്നത്. ഈ ചെലവ് ലോകം മുഴുവനും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതേസമയം ലോകത്തിൽ ദാരിദ്രവും പട്ടിണിമരണവും കൂടുകയാണ്. അഭയാർത്ഥികളുടെ എണ്ണം ഒരു കോടി. അതിൽ 50 ലക്ഷം ആഫ്രിക്കയിൽ. മിക്ക രാജ്യങ്ങളിലും വലിയ സമ്പന്നൻമാരും അതിലധികം വലിയ ദരിദ്രരും ഉണ്ട്. ഈ വിള്ളൽ കുറയ്ക്കുവാൻ എങ്ങനെ സാധിക്കും?

ഡോക്ടർ ആഡഡജിയുടെ പ്രബന്ധത്തിന് രണ്ടുപേരെയാണ് പ്രതികരണത്തിന് ക്ഷണിച്ചിരുന്നത്. ആദ്യത്തെ പ്രതികരണം പ്ളീനറിയിൽ നടത്തിയത് ഫിൻലൻഡുകാരിയായ ഹിൽക്കാ പിയററിലാ (Hilka Pietila) ആയിരുന്നു. തെക്കേ ദരിദ്രരാജ്യങ്ങളാണ് വടക്കുള്ള സമ്പന്നരാജ്യങ്ങളെ പോററുന്നതെന്നും വടക്കുനിന്നും തെക്കോട്ടുള്ളതിലധികം സമ്പത്തിന്റെ ഒഴുക്ക് തെക്കുനിന്നും വടക്കോട്ടാണെന്ന് അവരും സമ്മതിച്ചു. സദ്രുദിൻ ആഗാഖാനെ ഉദ്ധരിച്ചുകൊണ്ട് ദരിദ്ര രാജ്യങ്ങളിൽനിന്ന് സമ്പന്നരാജ്യങ്ങൾ ഇറക്കുമതി ചെയ്യുന്നതത്രയും ധാന്യങ്ങളും മററും സമ്പന്നരാജ്യങ്ങൾ ദരിദ്രരാജ്യങ്ങളിലേക്ക് കയററുമതി ചെയ്യുന്നില്ല എന്നു തെളിയിച്ചു. അവർ നൽകിയ പ്രതിവിധി സമ്പന്നരാജ്യങ്ങൾ കൂടുതൽ ത്യാഗപൂർവം ജീവിക്കണമെന്നും, എല്ലാവർക്കും ഭക്ഷണവും, വസ്ത്രവും, വീടും, ആരോഗ്യവും, വിദ്യാഭ്യാസവും, ഊർജവും ലഭിക്കുന്നതുവരെ സുഖലോലുപത്വം ഉപേക്ഷിക്കണമെന്നുമത്രെ. സഭകൾ ഇക്കാര്യത്തിൽ നേതൃത്വമെടുക്കണമെന്നും ഹിൽക്കാ നിർദ്ദേശിച്ചു.

രണ്ടാമത്തെ പ്രതികരണം ഈ ലേഖകന്റേതായിരുന്നു. ശ്രീ. ചെമ്മനം ചാക്കോ 'ക്രിസ്തു വീണ്ടും ലോകത്തിലേക്ക് ഇന്നു വന്നാൽ' എന്ന മലയാള കവിതയുടെ എന്റേതായ ഇംഗ്ലീഷ് തർജ്ജമയടങ്ങിയ എന്റെ പ്രബന്ധം വളരെ ശ്രദ്ധേയമായി കേൾവിക്കാർ സ്വീകരിച്ചതിൽ സന്തോഷമുണ്ട്. ദരിദ്രരാജ്യങ്ങൾ പരസ്പരം മാത്രം കച്ചവടം നടത്തിയും ഫിഡൽ കാസ്ട്രോയും ആർച്ചുബിഷപ്പ് ഹെൽഡർ ക്യാമറായും പറയുംപോലെ കടവും പലിശയും മടക്കിക്കൊടുക്കാതെയും സമ്പന്നരാജ്യങ്ങളുടെ സാധനങ്ങളും യുദ്ധക്കോപ്പുകളും വാങ്ങാതെയും സ്വയം ആപത്തു സ്വീകരിക്കാതെയും


CENTURY AGENCY

AMBASSADOR CORPORATION

753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.




(taking risk) നീതിയുള്ള ലോകഗവൺമെന്റ് വരുത്താൻ ശ്രമിക്കണമെന്ന എന്റെ നിർദ്ദേശം ഓരോ ഗ്രൂപ്പിലും ചർച്ചാവിഷയമായതറിഞ്ഞു.

27 ഗ്രൂപ്പുകളായാണ് ചർച്ചകൾ നടന്നത്. ഈ ലേഖകൻ സംബന്ധിച്ച 27-ാം ഗ്രൂപ്പിൽ ഞങ്ങൾ രണ്ടു പ്രതികരണക്കാരെ കൂടാതെ ഡോ. റോബർട്ട് മാർഷൽ, ബിഷപ്പ് ഹെൻറി ഒക്കുള്ളു മുതലായ പതിനൊന്നു പേർ ഉണ്ടായിരുന്നു. Barmen Declaration-ന്റെ മാതൃകയിൽ ലാർണക്കാ ഡിക്ളറേഷൻ വേണമെന്ന ഞങ്ങളുടെ നിർദ്ദേശം പ്ളീനറി അംഗീകരിച്ചതിനാൽ അതിനായി ഒൻപതു പേരുള്ള ഒരു കമ്മററി രൂപീകരിക്കപ്പെടുകയും താഴെ കാണുന്ന ഭാഗങ്ങൾ ഉൾപ്പെടെ ഒരു ലാർണക്കാ പ്രഖ്യാപനം രണ്ടു പ്ളീനറികളിലായി അംഗീകരിക്കുകയും ചെയ്തു. അതിലെ ഒൻപതു ഖണ്ഡികകൾ താഴെപ്പറയുന്നവയാണ്.

1. ഞങ്ങൾ ലാർണക്കായിൽ കൂടിയിരിക്കുന്നത് സേവനത്തിൽകൂടി നീതിയും സമാധാനവും ഏററുപറയുവാനാണ്. നാമെല്ലാം പരസ്പരം അയൽക്കാരാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. (The theme was called to be neighbours).

2. യേശുക്രിസ്തു കർത്താവാകുന്നു. പരിശുദ്ധാത്മശക്തിയാൽ അവനെ അനുസരിക്കുമെന്നു ഞങ്ങൾ ഉഭയസമ്മതം ചെയ്യുന്നു. ഞങ്ങൾക്കു മററു കർത്താക്കളില്ല. പങ്കിടുന്ന ത്രിത്വസ്നേഹാധിഷ്ഠിതമാണ് ദൈവരാജ്യം. ആത്മീകവും ഭൗതീകവുമായ ഊർജ്ജത്തിന്റെ ഉടമസ്ഥത ദൈവത്തിനു മാത്രം. അതു തന്റെ സകല മക്കൾക്കും ലഭിക്കണം. അവയുടെ ഉപയോഗത്തിൽ ഏവർക്കു പറയുവാനുള്ളതു കേൾക്കപ്പെടണം.

3. കഴിഞ്ഞ 20 വർഷമായി ലോകത്തിൽ കഷ്ടത വർദ്ധിച്ചു. മനുഷ്യർ മനുഷ്യരെ ചൂഷണം ചെയ്യുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന ആധുനിക ഘടനകളിൽ പ്രത്യക്ഷമായും പരോക്ഷമായും സഭയ്ക്കും ഞങ്ങൾക്കുമുള്ള പങ്ക് ഞങ്ങൾ സമ്മതിക്കുന്നു. ഡിയക്കോണിയായിൽ (സേവനത്തിൽ) ഞങ്ങൾ വിശ്വസിക്കുന്നു എങ്കിലും നീതിയും സമാധാനവും ഉണ്ടാകുവാൻ ഞങ്ങളും സമരം ചെയ്യണം.

4. ലാററിൻ അമേരിക്കയിലും കരീബിയൻ ദ്വീപുകളിലും കടംകൊടുത്ത് വിദേശ ശക്തികൾ അവരെ ഞെക്കിപ്പിഴിയുന്നു. ഏഷ്യയിൽ കയററുമതിച്ചരക്കുകളാൽ ശ്രദ്ധപതിപ്പിച്ച് ജനങ്ങളെ ഞെരുക്കുന്നു. സൗത്ത് ആഫ്രിക്കയിലും നമീബിയായിലും വർണ്ണവിവേചനത്തിന്റെ പേരിൽ അനേകർ ഹിംസിക്കപ്പെടുന്നു. അവർക്കെതിരായ സാമ്പത്തിക ഉപരോധത്തെ ഞങ്ങൾ പിൻതാങ്ങുന്നു. വടക്കേ അമേരിക്കയിലും യൂറോപ്പിലും ആസ്ത്രേലേഷ്യായിലുമുള്ള ദരിദ്രരുടെ സമരം കൂടുതൽ ശക്തമായ സാമ്പത്തിക രാഷ്ട്രീയശക്തികളോടാണ്. അൽബേനിയായിൽ മതസ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്നു. പസഫിക്ക് ദ്വീപുകളിൽ സ്വയംനിർണ്ണയാവകാശത്തിനു മാത്രമല്ല, അന്തരീക്ഷ മലിനീകരണവും വിഷവും ന്യൂക്ളിയർ ആയുധസൃഷ്ടിയുടെ മാലിന്യാവശിഷ്ടങ്ങളും പ്രശ്നമായിരിക്കുന്നു.

5. മദ്ധ്യപൂർവ്വേഷ്യയിൽ നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള സമരം പലവിധത്തിലാണ്. സൂപ്പർ പവർ രാജ്യങ്ങളുടെ വടംവലിയാണ് ലബനോന്റെ തലവേദനയ്ക്കു കാരണം. പാലസ്തീനികൾക്ക് സ്വതന്ത്രരാജ്യത്തിനായുള്ള സമരത്തിന് സഭകൾ പിൻബലം നൽകേണ്ടതാണ്. ഇറാൻ--ഇറാക്കു യുദ്ധം നീട്ടിക്കൊണ്ടുപോകുന്ന വൻശക്തികളെ പിൻതിരിപ്പിക്കേണ്ടതാണ്. ഈ നൂററാണ്ടിന്റെ ആരംഭത്തിൽ അർമീനിയർ കൊല്ലപ്പെട്ട ദുരന്തം ലോകം വിസ്മരിക്കരുത്. സൈപ്രസിന്റെ ഐക്യത്തിനായും സമാധാനത്തിനായും പിൻതുണ നൽകണം.

6. തിന്മയുടെ ശക്തികൾ എല്ലാ രാജ്യങ്ങളിലുമുണ്ട്. വർദ്ധിച്ചുകൊണ്ടിരിക്കുന്ന യുദ്ധസന്നാഹം ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്നു. ന്യൂക്ളിയർ യുദ്ധഒരുക്കം ഭൂമിയെയും ബഹിരാകാശത്തെപ്പോലും നശിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്. ദാരിദ്രമില്ലാതാക്കാൻ പുതിയ അന്തർദേശീയ സാമ്പത്തിക ഓർഡർ ആവശ്യമാണ്. മനുഷ്യാവകാശങ്ങളെ ധ്വംസിക്കുന്ന ഭരണങ്ങളെ സാമ്പത്തിക ശക്തികൾ പിൻതാങ്ങുന്നു. ദൈവജനങ്ങൾക്കുള്ള സ്വയംനിർണ്ണയാവകാശം ക്രിസ്ത്യാനികളായ ഞങ്ങൾ തറപ്പിച്ചു പറയുന്നു.

7. ഈ മർദ്ദനങ്ങളുടെ നടുവിലും ഞങ്ങൾ പ്രത്യാശയും വിശ്വാസവും സന്തോഷവും കാണുന്നു. യുവാക്കൻമാരും സ്ത്രീകളും സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിപടയാളികളായി കാണപ്പെടുന്നു. ക്രിസ്തീയ സേവനത്തിന്റെ ഈ രണ്ടു കൂട്ടർക്കുമുള്ള വലിയ സ്ഥാനം ക്രിസ്തീയ സഭകൾ കൂടുതലായി അംഗീകരിച്ചു കൊടുക്കേണ്ടതാണ്.

8. പ്രവാചകശബ്ദമുയർത്തിയുള്ള ഡിയക്കോണിയ (സേവനം) എല്ലാ രാജ്യങ്ങളിലും കാണു

**3rd Death Anniversary**
**26-7-1987**



**In Loving Memory of**
**Rev. Fr. A. G. Geevarghese,**
**Koppara, Chandanapally**

Inserted by K. G. Alexander & Family
Koppara, Chandanapally



# രണ്ടു നിയമങ്ങൾ

സീനായ് മലയിൽവച്ച് മോശ മുഖാന്തിരം ദൈവം യിസ്രായേൽ ജനത്തിന് കൊടുത്തതാണ് ഒന്നാമത്തെ നിയമം അഥവാ പഴയനിയമം. 'എന്റെ വാക്കുകേട്ടു അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്ക് ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും' (പുറപ്പാട് 19: 5). ഇതാണ് ആ നിയമം. ദൈവത്തിന്റെ ഈ നിയമം വായിച്ചുകേട്ടപ്പോൾ 'അനുസരിച്ചുകൊള്ളാമെന്ന്' ജനം പറഞ്ഞു' (പുറപ്പാട് 19: 8). വ്യക്തിപരമായ ചില നിയമങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും സീനായ് മലയിൽവച്ച് ചെയ്ത നിയമമാണ് 'പഴയനിയമം' എന്നറിയപ്പെടുന്നത്. 'വാക്കുകൾ അനുസരിച്ച്' നിയമം പ്രമാണിച്ചാൽ' വിശുദ്ധജനമായി തീരുമെന്നതാണ് ആ നിയമം. പഴയനിയമകാലത്തെ ആചാരാനുഷ്ഠാനങ്ങളെല്ലാം ഈ നിയമം അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ലക്ഷ്യം വിശുദ്ധജനമായി തീരുക എന്നുള്ളതാണ്, അതിന് ദൈവത്തിൽനിന്നും ലഭിച്ചിരിക്കുന്ന കല്പനകൾ ആചരിക്കുന്നു. 'പ്രമാണിച്ചാൽ' എന്ന വ്യവസ്ഥ നിറവേറപ്പെടുമ്പോഴാണ് ജനം ദൈവത്തിന് സ്വീകാര്യരായി തീരുന്നത്. അതുകൊണ്ട് പഴയനിയമത്തിലെ എല്ലാ ഭക്തിപ്രകടനങ്ങളും എങ്ങനെയെങ്കിലും ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യരായിത്തീരണം എന്ന ഉദ്ദേശത്തിലുള്ളതാണ് (accepted–വിശുദ്ധർ. 1 കോരി. 7: 14–ലെ വിശുദ്ധർ സ്വീകാര്യരാണ്). എല്ലാ ഭക്തിപ്രകടനങ്ങളും അങ്ങനെയല്ലെന്നുള്ളതാണ് വാസ്തവം. ചിലത് താൽക്കാലിക ആനുകൂല്യത്തിനു വേണ്ടിയുള്ള അപേക്ഷയും കാഴ്ചയർപ്പിക്കലുമാണ്. പൊതുവെ പറയുമ്പോൾ 'മതങ്ങളിൽ' കാണുന്ന ഭക്തിപ്രകടനങ്ങൾ ഒന്നുകിൽ താൽക്കാലികാവശ്യങ്ങൾക്കുള്ളതോ അല്ലെങ്കിൽ വിശുദ്ധിയിൽ എത്തിച്ചേരുന്നതിനോ ഉള്ളതാണ്. അറിഞ്ഞിടത്തോളം തെറ്റുകുറ്റങ്ങളിൽനിന്ന് അകന്ന് പുണ്യപ്രവർത്തനങ്ങളിൽ മുഴുകുന്നവരെ 'പുണ്യവാൻ' എന്നു പറയുകയും ചെയ്യുന്നു.

പക്ഷെ വി. പൗലോസ് ശ്ലീഹാ പറയുന്നത് 'ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല' എന്നാണ് (ഗലാത്യർ 2: 16). ചെറുപ്പം മുതൽ ന്യായപ്രമാണങ്ങൾ അനുസരിച്ച് ജീവിച്ചുകൊണ്ടിരുന്ന ഒരു മനുഷ്യൻ 'നിത്യജീവനെ അവകാശമാക്കുവാൻ എന്തുചെയ്യണം' എന്നു ചോദിച്ചുകൊണ്ട് ഒരിക്കൽ യേശുവിനെ സമീപിച്ചു (മർക്കോ. 10: 17–27). അവൻ കല്പനകൾ ആചരിച്ചുവന്നവനായിരുന്നു

---

ന്നുണ്ട്. ദൈവമഹത്വത്തിനു വേണ്ടിയുള്ള സേവനം സത്യത്തിലേക്കു നയിക്കും. ദൈവരാജ്യശക്തി പ്രഘോഷിച്ചുകൊണ്ടു ദൈവദാസർ അനുതാപവും അനുസരണവും സ്നേഹവും സൃഷ്ടി മുഴുവനും കാണിക്കണം. ബലഹീനർ ഒരുമിച്ചുനിന്നു പൊരുതാതെ ബലവാന്മാർ നീതി നൽകുകയില്ല എന്നു ഞങ്ങൾക്കറിയാം. ഞങ്ങളുടെ പ്രവർത്തികളിൽ ശരിയായി ആയിട്ടില്ലെങ്കിലും ഞങ്ങളുടെ ഹൃദയങ്ങളിൽ ദരിദ്രരോടു ചേർന്ന് നീതിക്കും സമാധാനത്തിനും വേണ്ടി പോരാടുന്നതിൽ ദൈവം ഞങ്ങളോടുകൂടിയുണ്ടെന്ന് ഞങ്ങൾ അറിയുന്നു.

9. മൂന്നാം സഹസ്രാബ്ദം അടുത്തുവരുന്നതോടുകൂടി ഇന്നദിവസം മുതൽതന്നെ നീതിക്കും സമാധാനത്തിനുംവേണ്ടി യത്നിക്കുവാൻ ഞങ്ങൾ സ്വയം സമർപ്പിക്കുന്നു. നീതിയിൽ അധിഷ്ഠിതമായ സമാധാനത്തിനുവേണ്ടി യത്നിക്കുന്നവരോട് ഏകീഭവിക്കണമെന്ന ദർശനസാദ്ധ്യതക്കായി ഞങ്ങൾ സ്വയം പ്രതിഷ്ഠിക്കുന്നു. പരസ്പര വിശ്വാസത്തിലും പങ്കിടീലിലും അധിഷ്ഠിതമായ സേവനമായിരിക്കും ഇനി ഞങ്ങൾ ചെയ്യുന്നത്. എല്ലാ രാജ്യങ്ങളിലുമുള്ള സഭകളിലും ജനങ്ങളിലും കഷ്ടപ്പെടുന്നവരുള്ളതിനാൽ സേവനം അവിടെയെല്ലാം എത്തണം. എതിർശക്തികൾ പലതും വലുതും വഴി ദുർഘടവും സുദീർഘവുമാണ്. കഷ്ടപ്പെടുന്ന ദാസനെപ്പോലെ ക്രൂശുമെടുത്ത് അവനെ പിൻപറ്റാതിരിക്കാൻ ഇനി സാദ്ധ്യമല്ല. മരണത്തിൻമേലുള്ള അവന്റെ വിജയം ഞങ്ങൾക്കു ജീവനും പ്രത്യാശയും നൽകുന്നു.

[1986 നവംബർ 19 മുതൽ 26 വരെ നടന്ന ഈ സമ്മേളനത്തിന്റെ റിപ്പോർട്ട് അഭിവന്ദ്യ തിരുമേനി യഥാസമയം അയച്ചിരുന്നെങ്കിലും മേയ് ആദ്യവാരത്തിലാണ് ഇവിടെ ലഭിച്ചത്. അതുകൊണ്ടാണ് ഈ ലേഖനം മാസികയിൽ ചേർക്കാൻ ഇത്രയും താമസം നേരിട്ടത്. പത്രാധിപർ]

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ

### ഗാർഷ്യാ മെത്രാനും തോമ്മാ അർക്കദിയാക്കോനും – തുടർച്ച

**തോമ്മാ അർക്കദിയാക്കോൻ ഗാർഷ്യയുമായി രമ്യപ്പെടുവാൻ വാഞ്ഛിച്ചുവോ?**

'മുൻ അദ്ധ്യായങ്ങളിലെ സംഭവങ്ങൾ തോമ്മാ അർക്കദിയാക്കോനെ വിജയശ്രീലാളിതനാക്കുമെന്ന് അനുമാനിക്കപ്പെട്ടിരുന്നു. എന്നാൽ അവസാനം കൊച്ചി മുതലായ രാജാക്കന്മാരുടെ പിൻബലം അദ്ദേഹത്തിനു നഷ്ടപ്പെട്ടു. കാരണം അവർ പ്രതീക്ഷിച്ച പണം അർക്കദിയാക്കോൻ കൊടുത്തില്ല എന്നതായിരുന്നു. സർവ്വോപരി തന്റെ പാർശ്വവർത്തികളിലെ പ്രധാനികൾ താനുമായി പിരിയുകയും ചെയ്തു'. ഇതിൽ വിവശനായ അർക്കദിയാക്കോൻ സമാധാനകാംക്ഷികളായ ചിലർമൂലം ഗാർഷ്യയുമായി രമ്യതയിലാകുവാൻ വാഞ്ഛിച്ചു? എന്നാണ് ഒരു പ്രബന്ധവിവരണം.

പരസ്പര വിരുദ്ധതകൾമൂലം അവിശ്വസിച്ച് അവഗണിക്കേണ്ട പ്രസ്താവനകളാണ് ഇതിൽ പലതിലും കാണുന്നത്. ഈ പ്രബന്ധങ്ങളിൽ അന്നത്തെ നസ്രാണിജാതിത്തലവനെ (തോമ്മാ അർക്കദിയാക്കോനെ) അവജ്ഞയോടും ശത്രുതയോടുംകൂടിയാണ് ചിത്രീകരിച്ചിരിക്കുന്നത്. അർക്കദിയാക്കോൻ 4 പണം മുതൽ 1 പണം വരെ തന്റെ 'ശുഷ്കിച്ച് ജീർണ്ണിച്ച' 'പഴമടിശീല'യിൽനിന്ന് അവരോഹണക്രമത്തിൽ രാജാക്കൾക്ക് കോഴകൊടുത്തു എന്നു പറയുന്നതിനെ തൊട്ടുതുടർന്ന് കാശുകൊടുക്കാഞ്ഞതിനാൽ അർക്കദിയാക്കോന് രാജപിൻതുണ നഷ്ടമായി എന്നുകൂടി പറഞ്ഞാൽ അത് ഒരുതരം പറങ്കിതന്ത്രം മാത്രമേ ആകയുള്ളു.

ഗാർഷ്യയുമായി രമ്യതയിൽ കഴിയുവാൻ അർക്കദിയാക്കോൻ 'വാഞ്ഛിച്ചു' എന്ന്, ഓരോ സന്ധിയിലൂടെയും ഉളവായ ഹ്രസ്വകാലസമാധാനം, സന്ധികൾമൂലമുത്ഭവിച്ച ഉടമ്പടികൾ, ഇവയുടെ ലംഘനങ്ങൾ എല്ലാം നിരൂപണം ചെയ്താൽ വിശ്വസിക്കുക പ്രയാസമാണ്. നസ്രാണികളെ ശത്രുക്കളായി കണ്ട പറങ്കികളിൽ പ്രധാനിയായി കരുതേണ്ട ഗാർഷ്യാ മെത്രാൻ ഇതിനെല്ലാം ഉത്തരവാദിയായിരുന്നു. അർക്കദിയാക്കോൻ സമാധാനം വാഞ്ഛിച്ചു എന്ന് ആവർത്തിച്ചുള്ള പറങ്കി പരാമർശങ്ങൾ സംശയദൃഷ്ടിയോടെ വീക്ഷിക്കേണ്ടിയിരിക്കുന്നു. കാരണം? മലങ്കര മാർത്തോമ്മാ നസ്രാണികളുടെ ജാതിത്തലവന്, അവരുടെ സുരക്ഷിതത്വത്തിനും, ക്ഷേമത്തിനും സദാ കാംക്ഷിച്ച് പ്രവർത്തിക്കേണ്ടിയിരുന്നു. സർവ്വോപരി അവരുടെ അന്തസ് സംരക്ഷിക്കേണ്ടിയുമിരുന്നു. അതിനായി ഏതു നയതന്ത്രവും പ്രയോഗിക്കുവാൻ സ്വാതന്ത്ര്യമുള്ള പരമാധികാരിയുമായിരുന്നു. കുശാഗ്രബുദ്ധിയും, ധീരനും തന്ത്രജ്ഞനും. വജ്രമാനസനും ആയിരുന്ന തോമ്മാ അർക്കദിയാക്കോന് വിവേകവും, പക്വതയും, വീറും, കൂറും, പാണ്ഡിത്യവുമുള്ള ഒരു സംഘം കത്തനാരന്മാരും അത്മായരും ഉപദേശകരായി ഉണ്ടായിരുന്നു.

---

ഉയിർത്തെ യേശുക്രിസ്തുവിന്റേതുപോലുള്ള ശരീരം ധരിച്ച് യേശുവിനോടു ചേർന്നിരിക്കും എന്ന് അവർക്ക് ഉറപ്പുണ്ട്. അതുകൊണ്ട് അവർ സന്തോഷമുള്ളവരായിരിക്കും. ദൈവം ചെയ്തു തന്ന ഈ വലിയ കൃപയ്ക്കായി ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കുന്നവരായിരിക്കും (എഫേസ്യർ 5: 20–21). പുതിയനിയമ സഭയിലാണ് നാം നിൽക്കുന്നതെന്നത് വാസ്തവംതന്നെ. പക്ഷെ രക്ഷയുടേയും സന്തോഷത്തിന്റേയും അനുഭവത്തിന് നാം എത്രമാത്രം ഊന്നൽ കൊടുക്കുന്നുണ്ട്. കർത്താവിന്റെ സാന്നിധ്യം, എല്ലാം മറന്ന് അവന്റെ പാദപീഠത്തിങ്കലിരിക്കുവാൻ മറിയയെ പ്രേരിപ്പിച്ചു. നമ്മുടെ ആരാധനാവേളകൾ നമുക്കങ്ങനെ അനുഭവപ്പെടുന്നുണ്ടോ? നമ്മുടെ ബഹുമുഖ പ്രവർത്തനങ്ങൾ അതിന് ജനത്തിന് അവസരം ഉണ്ടാക്കിക്കൊടുക്കുന്നവയാണോ?



അങ്ങിനെ നോക്കുമ്പോൾ അർക്കദിയാക്കോന്റെ 'വാഞ്ഛ' നസ്രാണിജാതിയുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുവാനുള്ള വിപ്ളവത്തിന്റെ സംഘാടനത്തിനുള്ള പഴുതുകാണലായിരുന്നു. പറങ്കികൾ അതിനെ അടിയറവുപറച്ചിലായി കരുതി സന്തോഷിച്ചു.

### വികാരി ജനറാൾ നിയമനം

അർക്കദിയാക്കോൻ രമ്യതയിലെത്തുവാൻ മദ്ധ്യസ്ഥന്മാരെ അയച്ചു എന്നു പറയുന്നു. എന്നാൽ ഗാർഷ്യാ പള്ളിപ്പുറം ഒത്തുതീർപ്പു വ്യവസ്ഥകൾ കൂടാതെ രണ്ടു മൂന്നു കാര്യങ്ങൾകൂടി തന്റെ നിലപാടിനോട് ചേർത്ത് അവയ്ക്ക് അർക്കദിയാക്കോൻ സമ്മതിക്കുകയാണെങ്കിൽ രമ്യമാകാം എന്നതിൽ ഉറച്ചുനിന്നു.

ഫാ. ജറോം ഫർട്ടാഡോ എന്ന വൈദികനെ വികാരിജനറലായി ഗാർഷ്യാ ഇത്തരുണത്തിൽ നിയമിച്ചു. ഇത് അർക്കദിയാക്കോനെ അടിയറ പറയിച്ച് തകർക്കുവാനായിരുന്നു. അതുവരെ തന്റെ ഇഛക്ക് വഴങ്ങാതിരുന്ന അർക്കദിയാക്കോനെ 'നല്ല ശീലം' പഠിപ്പിക്കുവാനുള്ള ഏകമാർഗമായി അവസാനം കണ്ട പോംവഴിയായിരുന്നു ഇത്. 1657-ൽ ജോസഫ് സെബസ്ററ്യാനിയ്ക്ക് നസ്രാണികൾ നൽകിയ ഒരു ഹർജിയിൽ അർക്കദിയാക്കോനെ ബഹിഷ്ക്കരിച്ചത് ഗാർഷ്യാ മലങ്കര നസ്രാണികളോട് ചെയ്ത ദ്രോഹങ്ങളിൽ പ്രധാനപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗാർഷ്യാ തന്റെ മെത്രാപ്പോലീത്താ എന്ന നിലയിലുള്ള അധികാരം അർക്കദിയാക്കോനുമായി പങ്കുവയ്ക്കുവാൻ ആരുടെ പ്രേരണയ്ക്കും വഴങ്ങിയിരുന്നില്ല.

ഫാ. ഡിയാഗൊഡ് ജീസസ് അർക്കദിയാക്കോനെ കണ്ട് താൻ മദ്ധ്യസ്ഥനായി റോമായിലും ലിസ്ബനിലും അദ്ദേഹത്തിനുവേണ്ടി സംസാരിക്കാം എന്ന് വാഗ്ദാനം ചെയ്തു. ഫാ. ഡിയാഗൊ അർക്കദിയാക്കോനുമായി സമ്പർക്കം ചെയ്തതുതന്നെ ഗാർഷ്യായ്ക്ക് തീരെ രസിക്കാത്ത കാര്യമായിരുന്നു. അർക്കദിയാക്കോനുമായി കാണുന്നതിനു മുമ്പായി ഫാ. ഡിയാഗോ അർക്കദിയാക്കോന് ഒരു കത്തെഴുതി. അതിൽ താൻ പാപ്പായുടെയും പോർട്ടുഗൽ രാജാവിന്റെയും പ്രതിനിധിയായി അയക്കപ്പെട്ടിരിക്കുകയാണ്, ചില സുപ്രധാന കാര്യങ്ങൾ അന്വേഷിച്ച് വിവരങ്ങൾ സമർപ്പിക്കുന്നതിനാണ്, തനിക്ക് തന്റെ ദൗത്യം നിർവഹിച്ചിട്ട് തിടുക്കത്തിൽ മടങ്ങേണ്ടതുണ്ട് എന്നെല്ലാം കത്തിൽ എഴുതിയിരുന്നു. ഗാർഷ്യാ മെത്രാൻ ആ കത്തും ഫാ. ഡിയാഗോയുടെ മററുചില കത്തുകളും പിടിച്ചെടുത്തു. മദ്ധ്യസ്ഥതക്ക് ചെന്ന ഫാ. ഡിയാഗോയെ ആ കത്തുകൾ കാട്ടി അതിന്റെ ഉള്ളടക്കത്തെ വിമർശിച്ചു. അർക്കദിയാക്കോന്റെ പദവി ബഹുമാനത്തിൻപ്രകാരം അതിൽ സംബോധന ചെയ്തതിനേയും കുററപ്പെടുത്തി.

'ഒരു സന്യാസിയായിരുന്ന ഫാ. ദിയാഗോയോട് അർക്കദിയാക്കോൻ വേദവിപരീതിയാണ് (റോമാസഭയ്ക്കിതരൻ), വെറും നാട്യക്കാരനാണ്, വെറും കാപട്യം നിറഞ്ഞവനാണ്, അതിനാൽ അയാളെ ഒരിക്കലും വിശ്വസിക്കരുത്' എന്നെല്ലാം കത്തിൽ കാണിച്ചിരുന്നു. ഇതൊക്കെയാണെങ്കിലും സമാധാനത്തിനായി അർക്കദിയാക്കോൻ എഴുതിയ കത്തിനെ, അതിലെ താല്പര്യത്തെ ഉടനടി തള്ളിക്കളഞ്ഞു എന്നു വരുത്താതിരിക്കുവാൻ വേണ്ടി ആദ്യം താൻ ഉന്നയിച്ച നിബന്ധനകൾ പ്രകാരം സമാധാനത്തിലെത്താം എന്ന് ഗാർഷ്യാ അർക്കദിയാക്കോന് മറുപടി എഴുതി. (1653-ലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിപ്ളവം. ഫാ. കൊല്ലപറമ്പിൽ. പേജ് 93).

അക്കാലയളവിൽ കുറവിലങ്ങാട്ട് ഒരു ആശ്രമം സ്ഥാപിച്ച് അല്പകാലം താമസിച്ച മറെറാരു കർമ്മലീത്താ സന്യാസിയായിരുന്നു ഫാ. ജോസഫ് അലക്സിയോ. ഗാർഷ്യയുടെ നിരോധനാജ്ഞ അവഗണിച്ചാണ് ഈ സംരംഭം തുടങ്ങിയത്. ഇദ്ദേഹത്തെ തന്റെ പ്രൊക്യുറേറർ ആക്കണമെന്ന് അർക്കദിയാക്കോൻ റോമിലേക്ക് എഴുതിച്ചിരുന്നു. എന്നാൽ ഈ കത്തുകൾ 1655-ൽ മാത്രമേ ലക്ഷ്യത്തിൽ എത്തിയുള്ളു.

### അർക്കദിയാക്കോന്റെ പദവിയെപ്പററി വൈദ്രസായിയുടെ സാക്ഷ്യം

ഈ ഭാഗം വിവരിക്കുന്നതിന് മുമ്പായി കാനൂൻ പണ്ഡിതനും ആലുവ മംഗലപ്പുഴ സെമിനാരിയിലെ കാനൂൻ പ്രൊഫസറുമായിരുന്ന ഫാ. അലക്സ് പോൾ ഉറുമ്പയ്ക്കൽ പറയുന്നത് കാണുക. "Then the missionaries moved to eradicate the authority of the Archdeacon who administered the church in Malabar." പിന്നീട് മലബാർ സഭയെ ഭരിച്ചിരുന്ന അർക്കദിയാക്കോന്റെ അധികാരങ്ങൾ ഉൻമൂലനം ചെയ്യുവാനുള്ള നീക്കത്തിലേക്ക് മിഷനറിമാർ ചെന്നെത്തി. The Juridical Status of the Catholicos of Malabar. ഫാ. അലക്സ് പോൾ ഉറുമ്പയ്ക്കൽ പേജ് 39.

"Perhaps this may be the basic cause of all the later troubles. Before the arrival of the Portuguese the Archdeacon was practically ruling the Malabar Church. The Archdeacon was held in such a honour and wielded so much power that he easily surpassed the Bishop in power and influence."

പിന്നീടുണ്ടായ കുഴപ്പങ്ങൾക്കെല്ലാം കാരണം ഒരുപക്ഷേ ഇതായിരിക്കാം. പോർട്ടുഗീസുകാരുടെ കേരളപ്രവേശത്തിനു മുമ്പ് പ്രായോഗിക തലത്തിൽ അർക്കദിയാക്കോനായിരുന്നു മലങ്കരസഭയെ ഭരിച്ചുകൊണ്ടിരുന്നത്. അർക്കദിയാക്കോന് സഭയിൽ ഏററവും വലിയ ബഹുമാനാദരവുകൾ കൊടുത്തിരുന്നു. മെത്രാനും (കൽദായ) ഉപരിയായി അനായാസം പൂർണ്ണാധികാര സ്വാധീനങ്ങളോടെ അർക്കദിയാക്കോൻ സഭയിൽ വാണിരുന്നു.
Ibid. P. 39. Foot Note.

ഇതുവരെ കണ്ടതും ഇനി കാണുവാൻ പോകുന്നതും പാതിരിമാരുടെ ഈ ഉദ്ദേശസാക്ഷാൽക്കരണപ്രക്രിയായജ്ഞം (ഹീനമായ) ആണെന്ന് ഓർക്കുക.

1647-ൽ ഡൊമിനിക്കൻ സന്യാസികളെയും, കർമ്മലീത്താ സന്യാസിമാരെയും അർക്കദിയാക്കോനെ സഹായിച്ച ഫാ. ഡിയാഗൊയേയും പററി പല പരാതികളും ഗാർഷ്യാ പുറപ്പെടുവിച്ചതു കൂടാതെ ഇടപ്പള്ളി സന്യാസാശ്രമത്തിലെ അന്തേവാസികളെപ്പററി 'ഈ സഭയെ നശിപ്പിക്കുവാൻ നരകത്തിൽനിന്ന് അയക്കപ്പെട്ട തീപ്പൊരി' എന്ന് പ്രസ്താവിക്കുവാനും അദ്ദേഹം മടിച്ചില്ല.

ഈ കാലയളവിൽതന്നെ ഫാ. ജോസഫ് അലക്സിസ് വഴി മാർപാപ്പയ്ക്കും പ്രൊപ്പഗാൻഡ തിരുസംഘത്തിനും അർക്കദിയാക്കോൻ കത്തുകൾ അയച്ചു. തൻെറ അധികാരങ്ങൾ ഗാർഷ്യാ കവരുന്നു, ജസ്യൂട്ടുകൾ സഭയിലാകെ നടന്ന് തന്നെ ധിക്കരിക്കുന്നു, എന്നെല്ലാമായിരുന്നു കത്തിലെ ഉള്ളടക്കം.

ഇതിനിടയിൽ ഗാർഷ്യയും അർക്കദിയാക്കോനും തമ്മിൽ വർദ്ധിച്ചുവരുന്ന വഴക്കിൻെറ രൂക്ഷത ഗോവാ വൈസ്രോയിയുടെ ഗൗരവമായ പരിഗണനയ്ക്കിടയാക്കി. 15-1-1648-ൽ അദ്ദേഹം പോർട്ടുഗൽ രാജാവിനെ ഈ വിവരം ധരിപ്പിച്ച കത്തിൽനിന്ന് ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു. 'മലങ്കര നസ്രാണികളിൽ ഒരുവനും പരമ്പരാഗതമായി അവരിലെ ഏററവും വലിയ പദവിയിലും അധികാരത്തിലും വാഴുന്നയാളും ആയ അർക്കദി

മദ്ധ്യസ്ഥതയാൽ
ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്



B. T. R. G.



# നാലാം സുവിശേഷത്തിലൂടെ ഒരു തീർത്ഥയാത്ര (xii)

ഫാ. പി. ജോർജ്ജ് ഫിലിപ്പ് എം. എ.

വി. യോഹ. 1: 16 'അവൻെറ നിറവിൽനിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു.'

## ക്രിസ്തുവിൽനിന്നുള്ള അനർഗളമായ കൃപാപ്രവാഹം

'അവൻെറ നിറവിൽനിന്ന്' എന്നതിൻെറ അർത്ഥമെന്താണ്? അവനിൽ എന്തിൻെറ നിറവാണുള്ളത്? യേശുവിൽ നിറവുണ്ട്. അത് അവിടുത്തേക്ക് സ്വന്തമായുള്ളതാണ്. അവിടുന്നാണ് സർവ നന്മയുടേയും, വെളിച്ചത്തിൻേറയും, ജീവൻേറയും, സത്യത്തിൻേറയും, സ്നേഹത്തിൻേറയും മൂലസ്രോതസ്. ആ മൂലസ്രോതസിൽനിന്ന് നീർച്ചാലുകൾപോലെ സർവനന്മകളും അനുഗ്രഹങ്ങളും കവിഞ്ഞൊഴുകുകയാണ്. ഒരു നിറകുടത്തിൽനിന്ന് വെള്ളം പ്രവഹിച്ചു തുടങ്ങിയാൽ കുടത്തിലെ വെള്ളം വററും. എന്നാൽ ക്രിസ്തുവാകുന്ന മൂലസ്രോതസ് അപ്പോഴും നിറഞ്ഞുതന്നെ നിൽക്കും. സ്വന്തം നിറവിന് കുറവു വരുന്നില്ല. ഒരിക്കലും ആ ഉറവ് വററിപ്പോകുന്നില്ല. നിരന്തരമായി അവിടുന്ന് അനുഗ്രഹങ്ങളും നന്മകളും ഒഴുക്കിക്കൊണ്ടിരിക്കുന്നു.

ഒരു തീജ്വാലയിൽനിന്ന് പതിനായിരക്കണക്കിന് പന്തങ്ങൾ കത്തിച്ചെടുത്താലും ആ ജ്വാലയ്ക്ക് ആദ്യമുണ്ടായിരുന്ന ദീപ്തി കുറയുന്നില്ലല്ലോ. അതുപോലെ ക്രിസ്തുവിൻെറ നിറവിൽനിന്നാണ് അപ്പോസ്തലൻമാർക്കും, നൂററിയിരുപതുപേർക്കും, അഞ്ഞൂറുപേർക്കും നമുക്കെല്ലാവർക്കും കൃപ ലഭിച്ചത്; ഇനിയുള്ളവർക്ക് ലഭിക്കുന്നതും.

## കൃപമേൽ കൃപ അഥവാ ആദ്യമുണ്ടായിരുന്ന കൃപയും പിന്നീടുള്ള കൃപയും

'കൃപമേൽ കൃപ' എന്നതിൻെറ അർത്ഥം എന്താണ്? മുമ്പുണ്ടായിരുന്ന കൃപയും ഇപ്പോഴുള്ള കൃപയും എന്നാണ് അതിൻെറ അർത്ഥം. പഴയ പ്രമാണവും പുതിയ പ്രമാണവും ഉണ്ട്. പഴയ പ്രമാണം പാപത്തിൻെറയും മരണത്തിൻെറയും പ്രമാണം. പുതിയ പ്രമാണം ജീവൻെറ ആത്മാവിൻെറ പ്രമാണം. 'ജീവൻെറ ആത്മാവിൻെറ പ്രമാണം എനിക്ക് പാപത്തിൻെറയും മരണത്തിൻെറയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു' (റോമ. 8: 2). അതുപോലെ പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും ഉണ്ട്. 'ഞാൻ യിസ്രായേൽ ഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന കാലം വരും എന്ന് യഹോവയുടെ അരുളപ്പാട്' (യെര. 31: 31). ന്യായപ്രമാണത്തി

---

യാക്കോൻെറ നേതൃത്വത്തിൽ അവർ അടിയുറച്ച് നിൽക്കുന്നു. ഈ വിധം രൂക്ഷമായ മൽസരം തുടർന്നാൽ കേരളസഭ നമുക്ക് നഷ്ടമായേക്കും എന്ന് ഞാൻ ഭയപ്പെടുന്നു.' അകലെനിന്ന് കാര്യങ്ങൾ നിരീക്ഷിച്ച വൈസ്രോയിക്ക് വഴക്കിൽ മാത്രം മുഴുകിയിരുന്ന ഗാർഷ്യയേയും സെക്രട്ടറി ഫാ. മജസ്ത്രീസിനേയുംകാൾ കൂടുതൽ ഭാവിഭവിഷത്തുകളെ കാണുവാൻ കഴിയുമായിരുന്നു.

1649-ൽ ഗാർഷ്യയും ഫാ. മജസ്ത്രീസും ജസ്യൂട്ട് ജനറലിന് അയച്ച കത്തുകളിൽ 'മലങ്കര സഭയിൽ ഇത്ര ശാന്തമായ അന്തരീക്ഷം ഇതുവരെ ഉണ്ടായിട്ടില്ല. നാട്ടുരാജാക്കൻമാരുടെ സഹായത്തോടെ അർക്കദിയാക്കോൻ കലഹങ്ങൾ ഉണ്ടാക്കി കുഴപ്പങ്ങൾ സൃഷ്ടിക്കുന്നത് തുടരുന്നു.' എന്ന് ഇരുവരും കത്തുകളിൽ സമ്മതിച്ചിരുന്നു. എന്നാലും അയാൾക്ക് ജനപിന്തുണയില്ലാത്തതിനാൽ ഒന്നും കാര്യമായി ചെയ്യാൻ സാധിക്കുന്നില്ല.

വൈസ്രോയിയുടെ നിരീക്ഷണത്തിൽ പൂർണ്ണ ജനസ്വാധീനവും ബഹുമാനവുമുള്ള അർക്കദിയാക്കോനുമായി മല്ലടിച്ചാൽ കേരളസഭ നഷ്ടമായേക്കുമെന്ന് പറയുമ്പോൾ, ഗാർഷ്യാ പക്ഷം അതിന് കടകവിരുദ്ധമായി പറയുന്നു. ഇതിൽ ഉന്നതാധികാരിയായ വൈസ്രോയിയെ നമുക്ക് അവിശ്വസിക്കാതെ പൂർണ്ണമായി വിശ്വസിക്കുന്നതാണ് യുക്തിസഹജം.

അടുത്ത ലക്കത്തിൽ :

**ഗാർഷ്യാ അർക്കദിയാക്കോനെ നശിപ്പിക്കുവാൻ കരുക്കൾ നീക്കുന്നു.**

ലെ നീതിയും ഇപ്പോഴുള്ള നീതിയും തമ്മിലും അന്തരമുണ്ട്. അതുപോലെ മുമ്പുണ്ടായിരുന്നവയും അല്പസ്വല്പം വ്യത്യാസത്തോടുകൂടി ഇപ്പോഴുള്ളവയുമാണ്. പുത്രത്വം, വിശുദ്ധി, തേജസ്, വിശ്വാസം, സ്നാനം, ബലി, ദൈവാലയം, ആരാധന ആദിയായവ. മേൽപറഞ്ഞവ പോലെയാണ് മുമ്പുണ്ടായിരുന്ന കൃപയും ഇപ്പോഴുള്ള കൃപയും. 'കൃപമേൽ കൃപ' എന്നതിൻെറ അർത്ഥമതാണ്.

മേൽപറഞ്ഞവയിൽ രണ്ടെണ്ണം മാത്രമെടുത്ത് പുത്രത്വവും വിശുദ്ധിയും ആദ്യത്തേതിനും പിന്നത്തേതിനും തമ്മിലുള്ള വ്യത്യാസം ഒന്നുകൂടി വിശദമാക്കാൻ ശ്രമിക്കാം. ആദ്യത്തെ പുത്രത്വത്തിനും പിന്നത്തെ പുത്രത്വത്തിനും തമ്മിലുള്ള വ്യത്യാസം എന്ത്? ആദ്യത്തെ വിശുദ്ധിക്കും പിന്നത്തെ വിശുദ്ധിക്കും തമ്മിലുള്ള വ്യത്യാസം എന്ത്? ഇവ വിശദീകരിക്കുമ്പോൾ ആദ്യത്തെ കൃപയ്ക്കും പിന്നത്തെ കൃപയ്ക്കും തമ്മിലുള്ള വ്യത്യാസം കുറേക്കൂടി വിശദമാകും.

### പുത്രത്വം: ആദ്യത്തേതും രണ്ടാമത്തേതും

ആദ്യത്തെ പുത്രത്വം യിസ്രായേൽക്കാർക്ക് നൽകപ്പെട്ടിരുന്നതാണ്. 'നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവയ്ക്ക് മക്കൾ ആകുന്നു' (ആവ. 14: 1). 'അവർ യിസ്രായേല്യർ; പുത്രത്വവും, തേജസും, നിയമങ്ങളും, ന്യായപ്രമാണവും, ആരാധനയും, വാഗ്ദത്തങ്ങളും അവർക്കുള്ളവ' (റോമ. 9: 4). 'യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു. മിസ്രയേമിൽനിന്ന് ഞാൻ എൻെറ മകനെ വിളിച്ചു' (ഹോശ. 11: 1). എന്നാൽ യിസ്രായേൽക്കാർ പുത്രപദവിക്ക് അനുസരണമായി ജീവിച്ചില്ല. അതിനാൽ രണ്ടാമത്തെ പുത്രത്വം നമുക്കു ലഭിച്ചു. അത് ദൈവത്തിൽ നിന്ന് (വീണ്ടും) ജനിച്ചതിനാലുള്ള യഥാർത്ഥ പുത്രപദവിയാണ്. 'നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിൻെറ ആൽമാവിനെയല്ല, നാം അബ്ബാ പിതാവേ! എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആൽമാവിനെയത്രേ പ്രാപിച്ചത്'' (റോമ. 8: 15). വിശ്വാസത്താലും പുനർജനനസ്നാനത്താലും പരിശുദ്ധാത്മ സ്വീകരണത്താലുമാണ് ഈ പുത്രത്വം നമുക്കു ലഭിച്ചത്. 'അവനെ കൈക്കൊണ്ട് അവൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു' (വി. യോഹ. 1: 12). ദൈവസ്വഭാവത്തിലേക്കുള്ള നമ്മുടെ വളർച്ചയുടെ നാന്ദിയാണ് ഈ പുത്രപദവി.

### വിശുദ്ധി – മുമ്പുണ്ടായിരുന്നത്; ഇപ്പോഴുള്ളത്.

മുമ്പുണ്ടായിരുന്ന വിശുദ്ധിയും ഇപ്പോഴുള്ള വിശുദ്ധിയും തമ്മിലും വ്യത്യാസമുണ്ട്. വിഗ്രഹങ്ങളെ ആരാധിക്കാതെയും വ്യഭിചാരം ചെയ്യാതെയും അശുദ്ധമായതൊന്നും ഭക്ഷിക്കാതെയും ഇരുന്നപ്പോൾ യഹൂദൻമാർ വിശുദ്ധരായിരുന്നു. എന്നാൽ നമ്മൾ വിശുദ്ധരാകുന്നത് അപ്രകാരമുള്ള ഏതാനും തിന്മകളിൽനിന്ന് വിരമിക്കുന്ന

മദ്ധ്യസ്ഥതയാലുള്ള
ഉപകാരസ്മരണയ്ക്ക്



Nency K. George, Puthencavu.

Mr. & Mrs. T. G. Varghese, Kuwait.






കുഞ്ഞനുജന്മാരേ....കുഞ്ഞനുജത്തിമാരേ....

നീണ്ട അവധിക്കാലം അവസാനിച്ചു. സ്കൂൾ വളപ്പുകളിൽ നിന്ന് കുട്ടികളുടെ ഉല്ലാസ ശബ്ദം മുഴങ്ങിത്തുടങ്ങി. ഉണർവ്, ഉന്മേഷം, ഉത്സാഹം എത്ര നല്ല പദങ്ങൾ. അല്ലേ?

ഉറക്കപ്രിയന്മാരായ കുട്ടികൾക്കു പരീക്ഷയിൽ നല്ലമാർക്കുകൾ വാങ്ങിക്കാനാവില്ല നിങ്ങൾ ഉറക്ക പ്രിയന്മാരാണോ? അല്ലാ എന്ന് കുഞ്ഞിച്ചായൻ വിശ്വസിക്കുന്നു.

മിടുമിടുക്കന്മാരായ കുഞ്ഞനുജന്മാരെയും മിടുമിടുക്കികളായ കുഞ്ഞനുജത്തിമാരെയും കാണുന്നതും അവരോടൊത്ത് സമയം ചെലവിടുന്നതും എത്ര ആനന്ദകരമാണ്. ഈയിടെ കുഞ്ഞിച്ചായന് അങ്ങനെയൊരവസരം ലഭിച്ചു. പഠന വിഷയങ്ങളിലും, പാഠ്യേതര വിഷയങ്ങളിലും സമർത്ഥരും മലങ്കരസഭാംഗങ്ങളും ഈ വർഷം 9–ാം ക്ലാസു പാസായവരുമായ കുട്ടികൾക്കു വേണ്ടി കോട്ടയം സോഫിയാ സെൻററിൽ വച്ച് ഒരു മാർഗ

തുകൊണ്ടല്ല; പരിശുദ്ധാൽമാവ് നമ്മിൽ വസിക്കുന്നതിനാൽ നാം ക്രിസ്തുവിനെപ്പോലെ സ്നേഹത്തിൽ നിറയുന്നതുകൊണ്ടാണ്. 'ആത്മാവിൻെറ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം' (ഗലാ. 5: 23).

### കൃപ – മുമ്പുണ്ടായിരുന്നത്; ഇപ്പോഴുള്ളത്

അതുപോലെ മുമ്പുണ്ടായിരുന്ന കൃപയ്ക്കും ഇപ്പോഴുള്ള കൃപയ്ക്കും ഏറ്റക്കുറച്ചിൽ ഉണ്ട്. യഹൂദൻമാർ തിരഞ്ഞെടുക്കപ്പെട്ട ഒരു ജനമായിത്തീർന്നത് അവരുടെ പ്രവൃത്തിയുടെ അനന്തരഫലമായല്ല; ദൈവകൃപ ലഭിച്ചതുകൊണ്ടു മാത്രമാണ്. 'നിങ്ങൾ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ളവരായതുകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ട് തിരഞ്ഞെടുത്തത് നിങ്ങൾ സകല ജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നത്'' (ആവ. 7: 7).

നാമും തിരഞ്ഞെടുക്കപ്പെട്ട ജാതിയായത് ദൈവകൃപകൊണ്ടു മാത്രമാണ്. 'കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്.' മുമ്പുണ്ടായിരുന്ന കൃപയ്ക്കും ഇപ്പോഴുള്ള കൃപയ്ക്കും അളവിലും ലക്ഷ്യത്തിലും വ്യത്യാസമുണ്ട്. യഹൂദൻമാർക്ക് ലഭിച്ച ദൈവകൃപയേക്കാൾ ., മഹത്തരമാണ് നമുക്ക് ലഭിച്ചിരിക്കുന്ന ദൈവകൃപ. നമ്മുടെ മേൽ ചൊരിയുന്ന ദൈവകൃപകൊണ്ട് ദൈവം വലിയ കാര്യങ്ങൾ നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നു.

കൃപമേൽ കൃപ എന്നതുകൊണ്ട് സൃഷ്ടിയുടെ ആരംഭം മുതൽ ക്രിസ്തുവിൽനിന്ന് മനുഷ്യരിലേക്ക് ഒഴുകിയ നിരന്തരമായ കൃപാപ്രവാഹത്തെയും ക്രിസ്തുവിൻെറ ജനന മരണ പുനരുത്ഥാനങ്ങളെ തുടർന്നുള്ള ആ കൃപാപ്രവാഹത്തിൻെറ പതിന്മടങ്ങ് ശക്തിയുമത്രെ സുവിശേഷകൻ സൂചിപ്പിച്ചത്. മനുഷ്യൻ ഒന്നുമില്ലായ്മയിൽനിന്ന് (from nothingness) സൃഷ്ടിക്കപ്പെട്ടു എന്നതുതന്നെ ദൈവകൃപ കൊണ്ടാണ്. ഇപ്പോഴാകട്ടെ പരിശുദ്ധാത്മനിറവും പുത്രപദവിയും നമുക്ക് ദാനമായി (കൃപയാൽ) ലഭിച്ചിരിക്കുന്നു. 'അവൻെറ നിറവിൽനിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു.' ദൈവകൃപയാൽ ലഭിച്ച പുത്രപദവിക്കനുസൃതമായി നാം ജീവിക്കുന്നുണ്ടോ?

നിർദ്ദേശ ക്യാമ്പുനടത്തപ്പെട്ടു. ആ ക്യാമ്പിൽ സംബന്ധിച്ച കുട്ടികളെ കണ്ടപ്പോൾ മലങ്കരസഭയുടെ ഭാവി എത്ര ശോഭനം എന്ന് കുഞ്ഞിച്ചായൻ ചിന്തിക്കുകയുണ്ടായി.

എല്ലാ വിഷയങ്ങളിലും ഒരുപോലെ സമർത്ഥരായവർ വളരെ ചുരുക്കമാണ്. ചിലർ ശാസ്ത്ര വിഷയങ്ങളിൽ സമർത്ഥരായിരിക്കും. മററുചിലരുടെ വാസന ഭാഷയിലും ചരിത്രത്തിലും ആയിരിക്കും. ദൈവദത്തമായ കഴിവുകൾ വികസിപ്പിച്ചെടുത്ത് വീടിനും നാടിനും സഭയ്ക്കും രാഷ്ട്രത്തിനും പ്രയോജനമുള്ളവരായിത്തീരാൻ ഓരോരുത്തരും ശ്രമിക്കണം.

ദൈവാശ്രയം, അർപ്പണബോധം, കഠിനാദ്ധ്വാനം ഇതു മൂന്നും ഒത്തുചേരുമ്പോൾ ജീവിത വിജയം സുനിശ്ചിതം.

പഠനകാലത്ത് വലിയസാമർത്ഥ്യം പ്രകടിപ്പിക്കാതിരുന്ന പലരും പിന്നീട് വിശ്വപ്രശസ്തരായ ചിന്തകരും എഴുത്തുകാരും കലാകാരന്മാരും ഒക്കെയായി തീർന്നിട്ടുള്ള കഥകൾ നിങ്ങൾ വായിച്ചിട്ടുണ്ടാവും. വിശ്വോത്തര സാഹിത്യകാരനും മഹാത്മാവും ആയ ലിയോടോൾസ്റ്റോയി തന്റെ ബാല്യകാലത്ത് സമർത്ഥനായ വിദ്യാർത്ഥി ആയിരുന്നില്ല. പ്രശസ്ത സാഹിത്യകാരനായ കെ. സുരേന്ദ്രൻ എഴുതിയ 'ടോൾസ്റ്റോയിയുടെ കഥ' എന്ന പുസ്തകത്തിൽ ടോൾസ്റ്റോയിയുടെ ബാല്യകാലം രസകരമായി വിവരിച്ചിട്ടുണ്ട്.

ടോൾസ്റ്റോയിയും അദ്ദേഹത്തിന്റെ സഹോദരന്മാരായ നിക്കോളസ്, സെർജി, ഡിമിട്രി എന്നിവരും ഒരു അദ്ധ്യാപകന്റെ കീഴിലാണ് പ്രാഥമിക വിദ്യാഭ്യാസം നടത്തിയിരുന്നത്. ആ അദ്ധ്യാപകൻ ഇവരെക്കുറിച്ചു പറയുന്നതു കേൾക്കുക:

> നിക്കോളാസിനു കഴിവുമുണ്ട് മനസുമുണ്ട്
> സെർജിക്കു കഴിവുണ്ട് പക്ഷെ മനസില്ല
> ഡിമിട്രീക്കു മനസുണ്ട് പക്ഷെ കഴിവില്ല
> ലിയോക്കു് (ടോൾസ്റ്റോയി) കഴിവുമില്ല
> മനസുമില്ല

ടോൾസ്റ്റോയി ഇഷ്ടപ്പെട്ടിരുന്ന ഒരു വിഷയം മാത്രമെ ഉണ്ടായിരുന്നുള്ളു കവിത. കവിത എത്ര വേണമെങ്കിലും പഠിക്കും. ആ ചെറു പ്രായത്തിൽ തന്നെ റഷ്യയുടെ ദേശീയ കവിയായിരുന്നു പുഷ്കിന്റെ കവിതകൾ കാണാപ്പാഠം ചൊല്ലി വീട്ടുകാരെ അവൻ അത്ഭുതപ്പെടുത്തിയിരുന്ന കഴിവും മനസുമില്ലാത്തവൻ എന്ന് പരിഹസിക്കപ്പെട്ട ടോൾസ്റ്റോയി ലോകം കണ്ടിട്ടുള്ള ഏററം വലിയ സാഹിത്യകാരന്മാരിൽ ഒരാളായി ഉയർന്നു.

'നിങ്ങൾ ഭാവിയിൽ ആരായിതീരാൻ ആഗ്രഹിക്കുന്നു' എന്ന ചോദ്യം സാധാരണമാണ്. ഡോക്ടർ, എഞ്ചിനിയർ, ഐ. എ. എസ്. ഓഫീസർ ഇങ്ങനെയുള്ള മറുപടികളാണ് നിങ്ങളിൽ അധികം പേരും നൽകുക. നിങ്ങളുടെ ആഗ്രഹം സഫലമായെന്നും സഫലമായില്ലെന്നും വരാം.

ഓരോരുത്തരെക്കുറിച്ചും ദൈവത്തിന് ഓരോ ഉദ്ദേശ്യമുണ്ട്. ദൈവേഷ്ടത്തിനു പൂർണ്ണമായും സമർപ്പിച്ചുകൊണ്ട്, നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യമെന്തെന്ന് മനസിലാക്കാൻ ഹൃദയപൂർവം പ്രാർത്ഥിക്കുക. അപ്പോൾ ദൈവത്തിന്റെ ഇഷ്ടം എന്തെന്ന് വെളിപ്പെടും.

നമ്മുടെ സഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യു പ്രഥമൻ കാതോലിക്കാബാവാ തിരുമേനി തന്റെ വിദ്യാഭ്യാസ കാലത്ത് സമർത്ഥനായ ഒരു വിദ്യാർത്ഥി ആയിരുന്നു. ഒരു ഡോക്ടർ ആയിതീരണമെന്നായിരുന്നു അന്നത്തെ അദ്ദേഹത്തിന്റെ ആഗ്രഹം. പക്ഷെ യേശുനാഥൻ അദ്ദേഹത്തെ സമാസേവനത്തിനുക്ഷണിച്ചു. ആ വിളി അദ്ദേഹം ചെവിക്കൊണ്ടു. മലങ്കസഭയുടെ പരമാദ്ധ്യക്ഷപദത്തിലേക്ക് അദ്ദേഹം ഉയർന്നു. 'ദൈവേഷ്ടത്തിനു പൂർണ്ണമായും സമർപ്പിച്ചതു കൊണ്ടാണ് ഈ പരമോന്നതസ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തപ്പെട്ടത്.

നിങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം കുഞ്ഞിച്ചായൻ പറയട്ടെ:—

പാശ്ചാത്യനാടുകളിലെന്നതുപോലെ ഇവിടെയും മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമകളായിതീർന്നുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇത് ഒരു ദുഃഖ സത്യമാണ്.

ഒരു രസത്തിനു വേണ്ടി ആരംഭിക്കുന്ന പുകവലി പിന്നീട് ജീവിതത്തിന്റെ ഒരു ഭാഗം ആയി മാറുന്നു. മദ്ധ്യത്തിന്റെയും മയക്കുമരുന്നുകളുടെയും എല്ലാം കഥ ഇതുതന്നെയാണ്. ഒരു രസത്തിനു വേണ്ടി ഒരിക്കൽ അല്പം മദ്യം കഴിച്ച ഒരു മനുഷ്യൻ പിന്നീട് മദ്യത്തിന്റെ അടിമ ആയിത്തീർന്ന കഥ കുഞ്ഞിച്ചായനറിയാം. സ്വഭാവശുദ്ധിയും സഭാസ്നേഹവും ദൈവഭക്തിയും ഉണ്ടായിരുന്ന ആ മനുഷ്യന്റെ ജീവിതത്തെ മദ്യമാകുന്ന പിശാച് കാർന്നുതിന്നുകൊണ്ടിരുന്നു. മദ്യപ്പിശാചിന്റെ പിടിയിൽനിന്നും രക്ഷപ്പെടുവാൻ പലവട്ടം ശ്രമിച്ചു. ഫലിച്ചില്ല. അവസാനം ദൈവസന്നിധിയിൽ മുട്ടുമടക്കി പ്രാർത്ഥിച്ചു. ദൈവം ആ മനുഷ്യന്റെ ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥന കേട്ടു. മദ്യപാനത്തിൽനിന്നും അയാൾക്കു മോചനം ലഭിച്ചു. നഷ്ടപ്പെട്ട ശാന്തിയും സമാധാനവും അയാൾക്കു വീണ്ടുകിട്ടി.

സുന്ദരൻമാരും സമർത്ഥരുമായ വിദ്യാർത്ഥികൾ മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടതു മൂലം അവരുടെ സൗന്ദര്യവും സാമർത്ഥ്യവും നഷ്ടപ്പെട്ടിട്ടുള്ള പല സംഭവകഥകളും കുഞ്ഞിച്ചായന് അറിയാം. കൂട്ടുകാരിൽനിന്നായിരിക്കും ആദ്യം പുകവലിക്കാനുള്ള പ്രേരണ നിങ്ങൾക്കുണ്ടാവുക. തമാശയ്ക്കുപോലും പുകവലിക്കുകയില്ലെന്ന് നിങ്ങൾ പ്രതിജ്ഞയെടുക്കണം. തമാശയ്ക്ക് ആരംഭിക്കുന്ന പുകവലി മററു ദുശീലങ്ങളിലേക്ക് നിങ്ങളെ വഴിനടത്തും. പുകവലിക്കുന്ന കൂട്ടുകാരെ അതിൽനിന്നും പിൻതിരിപ്പിക്കാൻ നിങ്ങൾ ശ്രമിക്കണം. പുകവലിയുടെ ദോഷഫല


## അപേക്ഷകൾ ക്ഷണിക്കുന്നു

മലങ്കര എക്യുമെനിക്കൽ എഡ്യൂക്കേഷൻ സൊസൈററിയുടെ ചുമതലയിൽ നടത്തുന്നതും പരിശീലനാനന്തരം ജോലിസാദ്ധ്യതയുള്ളതുമായ നഴ്സറി/പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ അടുത്ത ബാച്ച് തിരുവല്ലാ, കോഴഞ്ചേരി, റാന്നി, എരുമേലി, കൊട്ടാരക്കര, ചെറുവക്കൽ (ആയൂർ), ആലപ്പുഴ; മഞ്ചേരി, ഒലവക്കോട്, കോഴിക്കോട് എന്നീ സെൻററുകളിൽ ജൂണിൽ ആരംഭിക്കുന്നു. കുറഞ്ഞപരീക്ഷായോഗ്യത S. S. L. C. കുറഞ്ഞ ചിലവിലുള്ള ഹോസ്ററൽ സൗകര്യം. ബ. പള്ളിവികാരിമാർ, സംഘടനകൾ എന്നിവർ ശുപാർശ ചെയ്യുന്ന 25 വനിതകൾക്കായിരിക്കും പ്രവേശനം.

താൽപര്യമുള്ളവർ അപേക്ഷാഫാറത്തിന് ഏഴു രൂപാ (Rs. 7) റെക്ടർ, മലങ്കര എക്യുമെനിക്കൽ എഡ്യൂക്കേഷൻ സൊസൈററി, തിരുവല്ലാ, കോഴഞ്ചേരി P. O., പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

N. B. ഇപ്പോൾ പരീക്ഷയ്ക്ക് എഴുതിയിട്ടുള്ളവർക്കും അപേക്ഷിക്കാം.





മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്





തങ്കച്ചി, കുന്നംകുളം

ങ്ങളെപ്പറ്റി പറയുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിൽ ബഹു. മാനപ്പെട്ട പാറയ്ക്കൽ കുര്യാക്കോസച്ചൻ, റിട്ടയേർഡ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സി. യു. മാത്യുസാർ തുടങ്ങിയവർ സ്കൂളുകളും കോളേജുകളും സന്ദർശിച്ച് മദ്യത്തിന്റെയും മയക്കുമരുന്നുകളുടേയും ദോഷങ്ങളെപ്പറ്റി വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്ന വാർത്ത നിങ്ങൾ വായിച്ചിരിക്കുമല്ലോ. അത്യന്തം സ്വാഗതാർഹമായ ഒരു കാര്യമാണിത്. ചില സ്ഥലങ്ങളിൽ അവരോടൊപ്പം പോകുവാൻ കുഞ്ഞിച്ചായനും അവസരം ലഭിച്ചു. നമ്മുടെ സഭാംഗവും ആദർശധീരനുമായ ശ്രീ. കെ. ഇ മാമ്മൻ മദ്യവർജ്ജനത്തിനുവേണ്ടി മഹത്തായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

കത്ത് അവസാനിപ്പിക്കുന്നതിനു മുമ്പ് ഒരു കാര്യംകൂടി പറയാം. മലങ്കര സഭാചരിത്രത്തിൽ ജൂൺ മാസത്തിനുള്ള പ്രാധാന്യത്തെപ്പറ്റിയാണത്. മലങ്കരസഭയിലെ നാലു പുണ്യപിതാക്കൻമാർ ജനിച്ചത് ജൂൺ മാസത്തിലാണ്.

1848 ജൂൺ 15-ാം തീയതി മലങ്കരസഭയുടെ ഏകപ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയും 1874 ജൂൺ 16-ാം തീയതി മലങ്കരയുടെ 'വലിയ ബാവാ' എന്ന പേരിൽ പ്രഖ്യാതനായ പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയും 1784 ജൂൺ 26-ാം തീയതി പ. ഔഗേൻ ബാവായും 1886 ജൂൺ 20-ാം തീയതി മിഷനറിവീരനായ മൂക്കഞ്ചേരിൽ മാർ ഒസ്താത്തിയോസ് തിരുമേനിയും ഭൂജാതരായി.

ഈ പുണ്യപിതാക്കൻമാരുടെ ജനനത്തീയതികളിൽ അവരെ ഓർമ്മിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം തേടുകയും ചെയ്യുക.

ഈ സ്കൂൾവർഷം കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തികൾക്കും അനുഗ്രഹപൂർണ്ണം ആയിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാ നന്മകളും പ്രാർത്ഥിച്ചുകൊണ്ട്,
സ്വന്തം കുഞ്ഞിച്ചായൻ.

—

**മദ്ധ്യസ്ഥതയാലുള്ള**
**ഉപകാരസ്മരണയ്ക്ക്**






Mr. & Mrs. Cherian, Kuruvilla Cherian & Saramma Cherian



Varghese, Koshy



രോഗശാന്തിക്ക്
V. S. Philipose, Jabalpur.



# Emerging Perspectives in Understanding the History of Christianity in India

DR. C. V. CHERIYAN*

(Key-note Address delivered at the Inaugural Session of the Conference of the Church History Association of India, Southern Branch, held at the Sophia Centre, Kottayam, on 8–1–1987.)

Christianity in India has a long and spacious history covering a period of twenty centuries. Christianity, according to a dearly loved tradition of a considerable section of Christians in India, was founded by St. Thomas, an Apostle of Jesus Christ in 52 A.D. Thus, Christianity in India had its origin during the life-time of the Apostles just like the Church in Rome or the Church in Antioch. Since its introduction in India the Christian faith had made steady progress and members of the Church evolved an ecclesiastical life style in tune with the culture of the country. This Church developed an individuality and a history of its own. The Church in India developed as an indigenous religion.

The arrival of the Portuguese at the coast of India around the close of the 15th century marked a turning point in the history of Christianity in India. The first contacts between the Portuguese and the native Christians were founded on mutual respect and consideration. However, with the growth of the influence of the Portuguese in the political set-up of the country, they tried to establish their authority in the realm of the Church also. The Portuguese were ardent followers of the Roman Catholic faith and they considered it their solemn responsibility to bring the Christians in India under the supremacy of the Pope of Rome and replace the Syrian liturgy by the Latin liturgy of the Roman Catholic Church, and started a vigorous campaign of Latinization. The strong reactions against this and the events which followed naturally sowed the seeds of division in Indian Christianity. The entry of the Latin Church into India was followed by the establishment of contacts with the Antiochene Church and the arrival of the Protestant missionaries from Europe, both leading to further divisions and sub-divisions in the Church.

Eminent scholars, both foreign and Indian, have found the history of Christianity in India a favourable field of investigation and study. As autobiographies are written sometimes to justify one's actions grossly misunderstood by others and sometimes for the purpose of self-glorification, many of the works already produced in the field of the history of Christianity in India reflected the likes and dislikes, the prejudices and passions

* The author is Professor and Head, Department of International Relations, Gandhiji University, Kottayam.

of the authors, the objectivity of the historian remaining as a far-off distant and, perhaps, never to be realizable ideal. Scholars belonging to different denominational groups projected their sectional views as true history. It is gratifying to note in this context that the Church History Association of India has undertaken boldly the noble venture of writing out a multi-volume history of Christianity in India.

The most commendable aspect of this project is that the work is undertaken with a well-defined perspective. This perspective is brought out as follows:

"The history of Christianity in India is viewed as an integral part of the socio-cultural history of the Indian People rather than as separate from it. The history will therefore focus attention upon the Christian people in India; upon who they were and how they understood themselves, upon their social, religious, cultural and political encounters, upon the changes which these encounters produced in them and in the appropriation of the Christian gospel as well as the Indian culture and society of which they themselves were a part". Further, the study would take into account "the diversities at the regional or local levels", as "part of the national matrix". Also, while Christian denominational diversities would not be ignored, the response of different tradition to socio-cultural developments would be viewed in one ecumenical perspective. And all this would be incorporated into "a single perspective ..directed primarily towards an academic and Indian readership". It is hoped that a discussion of some of the perspectives emerging in the effort to understand the history of Christianity in India in the context of the religious, social, political and economic conditions prevailing in the country at present would be relevant in this connection.

This discussion is to proceed from a clear understanding of what is history and what is Church history as also the uniqueness of Church history as distinguished from general history, which is sometimes referred to as secular history. History is the record of those events which indicate the growth of man's mind, man's intelligence, and how he used them to discover better ways of living and to build up orderly societies which we call civilization or culture, that complex phenomenon which includes knowledge, belief, art, morals, customs and any other capabilities or habits acquired by man as a member of the society. Subjectively expressed, history may be regarded as a record of all that has occurred within the realm of human consciousness. Objectively treated, history takes into account the progress and decline of communities and states with special reference to politics, ethics, religion, intelligence, social organization, economic condition, refinement and taste. In the past, history was merely a catalogue of events serialised in a discriptive manner. We have now to study history in a critical and scientific way. It thus becomes necessary for history to be rewritten from time to time. The past events have got to be reassessed in the light of fresh developments and new ideas continuously.

If history can be regarded as a record of all that has occurred within the realm of human consciousness, Church history is self-knowledge of the Church. God intervened in a special way in human history and purified it through His incarnation. Old Testament of the Bible is the history of the Israelites who were God's chosen people. Church history is the history of God's people who constitute the New



Israel. Church history is the story of the redemption of God's people. It is not a mere collection of ancient records pertaining to the Church. On the other hand, it is an analysis of how the mystery of the Church is illustrated in different ages and different countries of the world. Knowing the mystical nature of the Church is, perhaps, more important than study of ancient records. This leads us naturally to the question, viz., what is the mystery of the Church? Church is the body of Christ, an extension of the incarnation. Just as Christ was both God and Man at the same time, Church is both a divine and a human institution. In other words, the internal life of the Church has two sides, a human side and a divine aspect. Since it has a human aspect, to that extent the Church is subject to the limitations of time and space. The Church must undergo the processes of evolution characteristic of this world and the times through which she passes. Members of the Church are subject to temptations like anyone else. The Church has to participate in the desires and dreams of humanity and plead for human values. She employs human means for the realization of these ends. All these point to the human aspect of the Church.

However, the divine nature of the Church points to certain characteristics not subjected to the limitations of time and space. What we have here on earth is only a reflection of the Church. Although the Church is in this world, it is not of the world. The Church awaits the birth of a new age. Perfection yet to be realized is its goal. Worldliness does not affect the Church. On the other hand, the Church is guided by the feeling that it is above worldliness. It is from this perception that modern theologians characterise the Church as God's people. Founded by the Holy Spirit in Christ, the Church is journeying towards the holy presence of God the Father.

Thus, what we see in the Church is a harmonious blend of the two-fold aspects of divinity and humanity. The subject matter of Church history is the unfolding of this characteristic of the Church within the context of time and space. The fundamental theme in Church history is how the Church moves ahead under diverse situations without losing its individuality that is divine and human at the same time. From this perspective Church history can be defined as the story of the confrontation of the Church with the world where she exists. The decisive factors in Church history are to be the activities of the Church in the world and her aloofness from worldliness. As a human phenomenon, the Church cannot deny the world and at the same time the divinity of the Church would not permit her to identify herself with the world, and its transient character. It is this conflict between divinity and humanity that makes the Church act. The Church must always be prepared to receive what is good and reject what is not relevant to its mission. It is not befitting the universality and uniqueness of the Church to identify itself with any one culture. Transcending all cultures and leading them all to the fulness in Christ Jesus is the mission of the Church.

There is diversity in the history of the Churches in different countries as the situations which the Church had to confront in different countries varied from one another. The Church had to exist and carry out its mission in geographically and historically diverse environments. New cultures and new civilizations had confronted it one after the other. The Church

had to confront with all these and the resultant actions and reactions decided the course of Church history. God became man and conveyed the Eternal Truth to one Community. The spiritual heritage and life experience of those who became witnesses of that good news and that great event have come down to us through the living tradition of twenty centuries. The spiritual heritage of the various Churches is the Christ experience of the societies which accepted that divine message and made it their life style. Church history is the path through which we reach the early Christianity which consisted of model Christian communities.

In regard to the renewal of Church also a study of Church history has a significant role to play. Within the limitations of time and space the Church is moving ahead with a divine mission. The Church has a divine and a human dimension. The human factor is subjected to all human frailties. It is only natural that the peculiarities of the epochs of human history through which the Church has been moving reflected in the history of the churches in various countries. The undercurrents, the shifts and changes in situations and pressures of circumstances influence the Church community which is God's people. Defeats and the discomfitures are not rare. It is by the yardstick of the gospel truths that an evaluation of the success and failure is to be undertaken. The record of the Church activity is to be subjected to an evaluation process from time to time. The model for this evaluation process is the early Church. It is through this process of evaluation that the Church is to renew itself constantly and continuosly.

The Church is the source from where communities that undergo changes constantly and repeatedly receive their value systems. It is Church history that opens up the path to these sources The Church becomes lively and active by coming into contact with these sources and the light shed on the path to renewal.

A history of Christianity should aim at bringing out a correct and clear picture of the internal and external evolution of the Church from the very beginning to the present day. How the Church which had its beginning in Jesus Christ spread throughout the world and what were the crisis situations it had to confront and how the Church faced them have to be dealt within Church history. The attitude and positions adopted by the Church towards various kingdoms and rulers, other religions and cultures are also to be discussed in a history of Christianity. It is the function of Church history to delineate the evolution of the organisational structure and administrative arrangements of the Church, her liturgical traditions and cultural patterns, theological heritage and spirituality that have evolved through centuries of evolutionary processs. Through all these, how the Church discharges the fundamentel responsibility, that is, the mission of establishing the kingdom of God on earth entrusted to it by the Lord Jesus, is also to be portrayed by Church history. In short, Church history is the story of how the resurrected Christ leads the Church to the fulness of truth, by the Holy Spirit to the holy presence of God the Father by dwelling in them.

In order to evaluate the significance of the various events in the history of the Church and understand the course of its growth it is essential that one should have a proper understanding of the basic character and structure of the Church. The One, Holy, Apostolic, and Catholic Church



is a fellowship of several churches with diverse features. There is a deep sense of unity among them. This unity cannot be uniformity. Faith, sacraments and hierarchy are the basic ingredients of this unity. However, in respect of liturgy, spirituality, theology, administrative arrangement, even in respect of clerical robes, there is diversity among the churches. This diversity is not to destroy the fundamental unity of the church based in the faith that Jesus is the Son of the living God, (St. Matt: 10: 16-17), that Jesus is the Lord and God (St. John 8:28), and that Jesus is the Great God. (Titus-2:12). Diversity arose out of the differences in the geographical setting in which different churches grew out in different epochs in history. These diversities once kept out the various churches separately at a safe distance from one another and each one looked with suspicion and jealousy upon the other. It is gratifying to note that now different churches are coming together in a greater degree than before. Each separate church has an individuality of its own. It consists not merely in the diversity in language, culture, race, geography, etc., but we have to search for it in deeper recesses that would bring us to certain basic principles. The fundamental basis of the individuality of a church is the Christian experience and life style given to those who received the faith from the different Apostles or their immediate successors. Apostles were people who were sent out to establish churches. They performed this function by sharing their Christ-experience. The Apostles, each one with his own individuality and his own personal experience of Christ, bore witness to the resurrection of Christ before peoples in diverse cultural patterns and with diverse life styles. Early Christian Church took shape in these communities on the basis of the diverse manner in which they received the Christ-experience in the background of life styles they had. But all these diverse communities had expressed the same Christ through the same Gospels. The traditions that developed in the diverse churches are, therefore, complementary to one another. It is these complementary traditions of the early churches that constitute what is known as the holy tradition of the Church. Therefore, these diverse traditions are not the exclusive traditions of the respective churches but the divinely ordained heritage of all the churches or what we may call the Church. The Apostolic tradition handed down through the Church are preserved by the Eastern Churches. The traditions are the integral part of the divinely ordained and indivisible tradition of the Universal Church. The Eastern Churches are the living witnesses of these traditions.

Each one of the churches which has inherited the Apostolic tradition has equal importance and equal rights and equal responsibilities. The traditions of the Universial Church become complete only when these various traditions are brought together. It is then only that the Church becomes truly Catholic and Apostolic.

While transcending the barriers of all particular cultures and leading them all to the fulness of Christ Jesus is the mission of the Church, an analytical study of the history of Christianity during the past two thousand years will show that the churches always had the temptation to identify with particular cultures. The Church was born into the Jewish tradition and soon became tied up with this tradition and had to struggle hard to get out of it and to proclaim its own Universality. The history

of the Church in Europe very well illustrated the temptation to identify with particular cultures. In all the various phases of its historical evolution the Church showed this tendency to identify itself with the particular cultural environment in which it functioned. In its confrontation with Graeco-Roman culture, the feudal-political set up of the Middle Ages, humanism of the Renaissance epoch and the Enlightenment of the period that followed and scientific and technological progress of the contemporary world the Church in Europe always had the temptation to identify itself with the particular cultures.

What is the record of the success or failure of the Church in India, viewed from the perspective that Church is both a divine and human institution? It is one of the fundamental responsibilities of the historian of Christianity in India to view the history of Christianity in India from this perspective and to assess how far the Church was successful in overcoming the temptation to idenify itself with the particular cultures in which it was placed.

Indian culture is a composite culture its essential hallmark being Unity in Diversity. Indian culture is an amalgam of diverse cultures that has entered the country through the long and chequered course of its history. With a long history of two thousand years, Christianity is an integral part of the society and culture of India. In India some people still entertain the misconception that Christianity in India is an extension of the European civilisation to India since the arrival of foreigners in the sixteenth century. It is the task of the historian of Christianity in India to dispel this misconception and underline the essentially indigenous character of Christianity.

If Church History is the story of the redemption of God's people, history of Christianity in India is to be the story of the failures and success of that Church in the fulfilment of the mission it was entrusted with as a human and divine institution. The analysis and evaluation of the past help us in giving a blueprint for the future.

The study of the history of the Church should help the coming together of all who were once members of the same Church and then got separated in the ONE CHRIST who is the Lord and Saviour of all.

The study of the history of the Church should help us to love the Church, correct the mistakes of the past and to accept the Truth and follow it, for Truth only shall free us.

History of the Church is the story of God's care for man. The Holy Spirit of God works through man. Human capabilities and weaknesses will reflect in the Church. When people willingly respond to the call of the Holy Spirit, God's people will prosper under the Lord Jesus. But God's people will become divided and disorganised when selfish interests and narrow outlooks determine their actions. Historical investigations are not intended to hide weaknesses or to provide distorted and incorrect interpretations of situations and events. Church History is the painful evaluation of the seeker after truth. Christians of India are today divided into a number of groups. It is already time for them to come together. The Church in India which has a long history of twenty centuries has a great contribution to make to the country, the Universal Church and to Humanity. Let this great mission inspire all seekers after truth. □



# ആത്‌മാഭിമാനം (Self_respect) (ii)

മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

## 7) അഭിമാനത്തിനും ബഹുമാനത്തിനും നാം അർഹരാകുന്നതെപ്പോൾ?

കഴിവുകളുടെ വലിപ്പത്തിലല്ല, അവ എങ്ങനെ വർദ്ധിപ്പിക്കുന്നെന്നും, അവ എങ്ങനെ പൊതുവിന്റെ നന്മയ്ക്കായി കൈകാര്യം ചെയ്യുന്നു എന്നുമുള്ളതിനെ അടിസ്ഥാനമാക്കിയാണ് ഒരാൾ ബഹുമാന്യനാണോ എന്ന് വിധിക്കേണ്ടത്. രണ്ടു കാശ് മാത്രം ഭണ്ഡാരത്തിൽ ഇട്ട വിധവ അവളുടെ ഉപജീവനം മുഴുവനും ഇട്ടതിനാൽ, കർത്താവിന്റെ അഭിനന്ദനത്തിന് പാത്രമായിത്തീർന്നു.

നമ്മിൽ പലരും ആത്മീയമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, ദൈവത്തിന് പ്രസാദകരമായ നിലയിലാണോ പ്രവർത്തിക്കുന്നതെന്ന് സ്വയം പരിശോധിക്കുന്നത് നല്ലതാണ്. "നീ ഉഷ്ണവാനുമല്ല ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ ഞാൻ നിന്നെ എന്റെ വായിൽനിന്ന് ഉമ്മിണ്ണു കളയും" (വെളി. 3:15) "യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ." (യിരെ. 48:10)

"നാം ബഹുമാനത്തിനും അഭിനന്ദനത്തിനും യോഗ്യരായിത്തീരുന്നത് പരമാവധി നന്നായി പ്രവർത്തിക്കുമ്പോഴാണ്. "ചെയ്‌വാൻ നിനക്ക് സംഗതിവരുന്നതൊക്കെയും ശക്തിയോടെ ചെയ്യുക" (സഭാ. പ്ര. 9:10) "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും സ്നേഹിക്കണം" (വി. മത്താ. 22:37) കർത്താവിനെ പോലെ സമയം പരമാവധി ഉപയോഗിക്കയും വേണം. "എന്നെ അയച്ചവന്റെ പ്രവൃത്തി പകലുള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു" (വി. യോഹ 9:4) ഒരു താലന്തു ലഭിച്ചവനും മടി കൂടാതെ അതു് വർദ്ധിപ്പിക്കണം. അനേകം പിതാക്കന്മാരുടെ ആത്മാക്കൾ നമ്മെ വീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവരെ സന്തോഷിപ്പിക്കത്തക്കവണ്ണം നാം, ഓട്ടക്കളത്തിൽ ഓടുന്ന പോലെ, പരമാവധി പ്രവർത്തിക്കണം. (എബ്രാ. 12: 1)

## 8) ആത്‌മാഭിമാനം കൊണ്ടുള്ള ഗുണങ്ങൾ

ശരിയായ ആത്‌മാഭിമാനമുള്ള ആൾ, ദൈവം തന്നതു മാത്രമേ ഉള്ളു എന്നും (1കൊരി.4:7) ദൈവത്തെപിരിഞ്ഞ് ഒന്നും സാദ്ധ്യമല്ലെന്നും (അപ്പൊ. 17:28, വി. യോഹ. 15: 5) ദൈവത്തിൽകൂടി സകലവും സാദ്ധ്യമാണെന്നും (ഫിലി. 4: 13) വിശ്വസിക്കുന്നു. തന്മൂലം അയാൾക്ക് ദൈവത്തോട് അങ്ങേഅററം സ്നേഹവും നന്ദിയും ഉണ്ടായിരിക്കും. അയാൾ ദൈവാശ്രയത്തോടെ എല്ലാം ചെയ്യും. അയാൾ മററുള്ളവരെകഴിയുന്നത്ര സ്നേഹിക്കുകയും ബഹുമാനിക്കുകയും അവരെ ഉയർത്തുകയും ചെയ്യും. തനിക്കും മററുള്ളവർക്കും ദോഷകരമായ സകലത്തിൽ നിന്നും അയാൾ പിൻമാറുകയും ചെയ്യും.

## 9) തോൽവികളെയും അപരാധബോധത്തെയും എങ്ങനെ നേരിടണം?

തോൽവികളിലും അപരാധബോധത്തിലും ഇരിക്കുന്നവർ ആത്മാഭിമാനം വീണ്ടെടുക്കേണ്ടിയിരിക്കുന്നു. നിരാശയും, സ്വയത്തോടുള്ള വെറുപ്പും, തന്നോടു തന്നെ ക്ഷമിക്കാതിരിക്കുന്ന സ്വഭാവവും മനുഷ്യരെ നശിപ്പിക്കുന്നതാണ്. ഏതൊരു പാപിയെയും ദൈവം സ്വീകരിക്കുമെന്നും, ഏതൊരു പാപിയെയും രക്ഷിക്കുവാൻ ദൈവം പ്രാപ്തനാണെന്നും നാം എന്നേക്കുമായി നശിച്ചു പോയിട്ടില്ലെന്നുമുള്ള വിശ്വാസം ഉണ്ടാകേണ്ടിയിരിക്കുന്നു. "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല" (വി: യോഹ. 6:37) എന്ന് പറഞ്ഞ നമ്മുടെ കർത്താവിന്റെ വചനങ്ങൾക്ക് മാററം വരികയില്ല. താൻ നമ്മെ സ്വീകരിക്കും. ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും കർത്താവിന്റെ വചനങ്ങൾ ഒഴിഞ്ഞുപോകയില്ല (വി. മത്താ. 24:35) "നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും,

ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും, പഞ്ഞി പോലെ ആയിത്തീരും'' (യെശ.1:18) എന്നു് യെശയ്യാ പ്രവാചകനിൽ കൂടി ദൈവം അരുളിച്ചെയ്തിരിക്കുന്നു. നാം തന്നോടു് സഹകരിച്ചാൽ, തനിക്കു് സകലവും സാധിക്കും. സർവ്വശക്തനും സകല പാപങ്ങളെയും ജയിച്ചവനുമായ കർത്താവു് നമ്മെ ശക്തീകരിക്കുന്നതിനു് ലോകാവസാനത്തോളം, നാം ഓരോരുത്തരോടും കൂടെയുണ്ടു്. (വി. മത്താ. 28:20)

## 10) അഭിമാനിക്കത്തക്ക ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട ഘടകങ്ങൾ

a സ്നേഹം:

ദൈവമക്കളെന്നും കർത്താവിൻെറ മണവാട്ടികളെന്നുമുള്ള ആത്മാഭിമാനമുള്ളവർ എന്തെല്ലാം വന്നാലും ദൈവിക സ്നേഹത്തിലും, വിനയത്തിലും, വിശുദ്ധിയിലും തങ്ങളെത്തന്നെ കാക്കും. എൻെറ അഭിമാനത്തെ വിട്ടു് എനിക്കു് ഒന്നും സാദ്ധ്യമല്ലെന്നു് പറയുന്ന മനോഭാവം നമ്മിൽ ഉണ്ടാകണം. എനിക്കു് ത്യാഗം സഹിച്ചും ഉപകാരം ചെയ്യാതിരിക്കുവാൻ സാദ്ധ്യമല്ല; എന്നെ ഉപദ്രവിക്കുന്നവരോടു ക്ഷമിക്കാതിരിക്കുന്നതിനും അവർക്കു ഉപകാരം ചെയ്യാതിരിക്കുന്നതിനും സാദ്ധ്യമല്ലെന്നു് പറയുന്ന മനോഭാവം, യഥാർത്ഥ ആത്മാഭിമാനമുള്ള ആളിൽ കാണും.

തുർക്കിയിൽ അർമീനിയൻ സഭാംഗമായ ഒരു നേഴ്സ് അവളുടെ സഹോദരനെ കൊന്ന മനുഷ്യനോടു് ക്ഷമിച്ചു അയാളെ ശുശ്രൂഷിച്ച സംഭവം ഇവിടെ സ്മരണീയമാണു്. സഹോദരനെ കൊന്നവൻ അപകടത്തിൽപ്പെട്ടു് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. അവനെ തിരിച്ചറിഞ്ഞ നേഴ്സിൻെറ ഉള്ളിൽ അപ്പോൾ ഒരു സംഘട്ടനം ഉണ്ടായി. എന്തു് ചെയ്യണം? ഈ ആളെ ചാകാൻ അനുവദിക്കണമോ, ശുശ്രൂഷിച്ചു രക്ഷിക്കണമോ? ക്രിസ്തുവിൻെറ സ്നേഹം അവളെ ശക്തീകരിച്ചു. ക്രിസ്തുവിൻെറ മകളുടെ അഭിമാനത്തിനു് ചേർന്നവിധം അവൾ അവനെ ശുശ്രൂഷിച്ചു് മരണത്തിൽ നിന്നും രക്ഷിച്ചു. അതു് അവൻെറ മാനസാന്തരത്തിനു് ഇടയാക്കുകയും ചെയ്തു. നാം ആത്മാഭിമാനമുള്ളവരായി നന്മ പ്രവർത്തിക്കുമ്പോൾ ദൈവത്തിനും നമുക്കും അഭിമാനവും മഹത്വവും ഉണ്ടാകുന്നു (വി. മത്താ. 5: 16). നാം തെററിപ്പോകുമ്പോൾ, ദൈവത്തിൻെറ നാമം ദുഷിക്കപ്പെടുകയും ചെയ്യുന്നു. (റോമ. 2: 24)

b വിനയം:

ഇതു പോലെ തന്നെ ദൈവത്തിൻെറയും നമ്മുടെയും അഭിമാനത്തിനു് ചേരാത്തതായ നിഗളം, അഹങ്കാരം, വിമർശനം, പരിഹാസം ഇവ നീക്കി അഭിമാനത്തെ നിലനിർത്തത്തക്കവണ്ണം മനുഷ്യരുടെ നന്മകളെക്കുറിച്ചു് അഭിനന്ദിക്കുവാനും അവരെ ബഹുമാനിക്കുവാനും നമുക്കു് സാധിക്കണം. കർത്താവു് കുററങ്ങളും കുറവുകളുമുണ്ടായിരുന്ന ശിഷ്യന്മാരുടെ കാൽ കഴുകി അവരെ ബഹുമാനിക്കുകയും "നിങ്ങളാകുന്നു എൻെറ പരീക്ഷകളിൽ എന്നോടു കൂടെ നിലനിന്നവർ'' (വി. ലൂക്കോ. 22: 28) എന്നു് പറഞ്ഞു് അഭിനന്ദിക്കുകയും ചെയ്തു. ആ കർത്താവിൻെറയും തൻെറ മക്കളായ നമ്മുടെയും അഭിമാനത്തെ കാത്തുകൊണ്ടു് നാം മററുള്ളവരെ വിനയത്തോടെ ബഹുമാനിക്കുന്നുണ്ടോ? ഒരു തിരുമേനി ആരുടെയോ കുററം പറഞ്ഞപ്പോൾ പാമ്പാടി തിരുമേനി പറഞ്ഞതു് ശ്രദ്ധേയമാണു്. "നമ്മൾ മെത്രാച്ചന്മാർ ഇങ്ങനെ പറയാൻ തുടങ്ങിയാലോ?'' അതോടുകൂടെ കുററംപറച്ചിൽ നിന്നു. പാമ്പാടി തിരുമേനി ഒരു കുഷ്ഠരോഗിയെ മുറിയിൽ കയററി ഇരുത്തി സൽക്കരിച്ചപ്പോൾ കർത്താവിൻെറ മകനെന്ന അഭിമാനത്തെ കാത്തുസൂക്ഷിക്കുകയായിരുന്നു.

c വിശുദ്ധി:

മണവാട്ടിയുടെ വിശുദ്ധി അഥവാ അഭിമാനം മണവാളനു് എല്ലാററിലും ഒന്നാം സ്ഥാനം നൽകി, സകലത്തിലും മണവാളനെ പ്രസാദിപ്പിക്കുകയാണല്ലോ. ഈ അഭിമാനബോധം നമുക്കുണ്ടോ? നമ്മുടെ ധനത്തെക്കാളും പ്രശസ്തിയെക്കാളും സുഖങ്ങളെക്കാളും നമ്മുടെ മണവാളനായ കർത്താവിൻെറ മഹത്വത്തിനും സന്തോഷത്തിനും നാം സ്ഥാനം നൽകുന്നുണ്ടോ? സ്വന്തരക്തത്താൽ നമ്മെ വീണ്ടെടുത്ത മണവാളനോടു

(ശേഷം 31-ാം പേജിൽ)



# ഹൈറേഞ്ചിൽ ഒരു ആതുരാലയം

ഹൈറേഞ്ചിൽ വൈദ്യസഹായമൊന്നും ലഭിക്കാത്ത നെററിത്തൊഴു എന്ന സ്ഥലത്ത് മെയ് 11-ാം തീയതി മലങ്കര ഓർത്തഡോക്സ് സഭയിലെ ഇടുക്കി മെത്രാസനത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ചെറിയ ആശുപത്രി ഉൽഘാടനം ചെയ്യുകയുണ്ടായി. അനാർഭാടമായി നടത്തിയ ആചടങ്ങിൽ കോലഞ്ചേരി മിഷ്യൻ ആശുപത്രിയിലെ ഡോ. കെ. സി. മാമ്മൻ, ഡോ പി. ജെ. മോഹൻ, സെക്രട്ടറി ശ്രീ. കെ. പി. പൗലോസ്, ബ. കെ. ഇ. വർക്കി അച്ചൻ എന്നിവർ പ്രസംഗിച്ചു. ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ ബർന്നബാസ് തിരുമേനി ഉൽഘാടനകർമ്മം നടത്തി.

സ്ഥലത്തെ സെ. ജോർജ് ഓർത്തഡോക്സ് പള്ളി ഉദ്ദേശം 3 ഏക്കർ സ്ഥലം ആശുപത്രിക്കായി വിട്ടുതന്നിട്ടുണ്ട്. പള്ളിവക കെട്ടിടം തൽക്കാലം ആശുപത്രിയായി ഉപയോഗിക്കുകയാണ്. ഡോക്ടർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സും ജലവിതരണത്തിനുള്ള സംവിധാനവും പൂർത്തിയായിട്ടുണ്ട്.

ഇപ്പോൾ മെഡിക്കൽ ആഫീസറായി സേവനം അനുഷ്ഠിക്കുന്നത് കീഴില്ലം സ്വദേശിയായ ഡോ. മത്തായി B. Sc., M. B. B. S., D. C. H. ആണ്. ഇദ്ദേഹം ഒരു ശിശുരോഗവിദഗ്ദ്ധനുമാണ്. ബ. പി. ജെ. പത്രോസച്ചനാണ് മാനേജരും ചാപ്ളെനുമായി നിയമിതനായിരിക്കുന്നത്. അയിരൂർ സ്വദേശിനിയായ സിസ്ററർ ആൻസി തോമസും പരുത്തുമ്പാറ സ്വദേശിനിയായ സിസ്ററർ ശോശാമ്മ വറുഗീസും സിസ്റേറഴ്സായി ജോലി ചെയ്യുന്നു. പത്താമുട്ടം സ്വദേശിനിയായ മിസ് ബീന കെ. ആൻഡ്രൂസാണ് ലാബ് ടെക്നീഷൻ. ഇന്നാട്ടുകാരനായ ജോൺസൻ സ്ക്കറിയ ആണ് ക്ലാർക്ക്.

എറണാകുളത്ത് പടിഞ്ഞാറെ തലയ്ക്കൽ ഡോ. പി. സി. തോമസ് സ്വമേധയായി ഉദാരമായ ഒരു സംഭാവനതന്ന്, ഈ സംരംഭത്തിലേക്ക് പ്രേരിപ്പിച്ചത് ദൈവത്തിൽനിന്നുള്ള ഒരു ആഹ്വാനമായിരുന്നു. അമേരിക്കയിൽനിന്ന് അരമന പണിക്കും ആശുപത്രിക്കും മററുമായി ലഭിച്ച സംഭാവനകളാണ് ഇതിൻെറ പ്രധാന വരുമാനം. ഒരു വാർഡ് പണിയുന്നതിന് ദുബായ് പള്ളിക്കാർ സംഭാവന തന്നിട്ടുണ്ട്. അതുകൊണ്ട് ആശുപത്രികെട്ടിടത്തിൻെറ പണി എത്രയും വേഗം ആരംഭിക്കേണ്ടിയിരിക്കുന്നു. ഒരു ഗൈനോക്കോളജി യൂണിററ് ആണ് ഉടനെ അത്യാവശ്യമായി ഉണ്ടാകേണ്ടത്. അതിന് ഒരു ഡോക്ടറെ ലഭിക്കേണ്ടിയിരിക്കുന്നു. സിസ്റേറഴ്സിനെയും ആവശ്യമുണ്ട്. കുറെക്കാലത്തെ ആ വ്യവസ്ഥയിൽ ഡോക്ടേഴ്സും സിസ്റേറഴ്സും വന്ന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. മത്തായി ഈ മലമ്പ്രദേശത്ത് കുറെനാൾ സേവനമനുഷ്ഠിക്കാമെന്ന പറഞ്ഞ് സ്വമേധയായി മുമ്പോട്ടു വന്നില്ലായിരുന്നെങ്കിൽ ഈ ആശുപത്രി ഇപ്പോൾ ആരംഭിക്കുവാൻ സാധിക്കുകയില്ലായിരുന്നു. അതുപോലെ കഞ്ഞഴ ആശുപത്രി അധികൃതർ തക്കസമയത്ത് ചെയ്ത സഹായവും ലഭിച്ചില്ലായിരുന്നെങ്കിൽ, ആശുപത്രി തുടങ്ങുന്നതിന് വീണ്ടും താമസം വരുമായിരുന്നു.

കഞ്ഞഴ ആശുപത്രിയിൽ ബോണ്ട് പീരിയഡിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന രണ്ടു സിസ്റേറഴ്സിനെയാണ് ആ ആശുപത്രി സ്വയം നഷ്ടം സഹിച്ച് വിട്ടുതന്നിരിക്കുന്നത്. അവരോടുള്ള കൃതജ്ഞത പ്രത്യേകം രേഖപ്പെടുത്തു

---

നമുക്കുള്ള കടപ്പാടുകളെക്കുറിച്ച് നാം ചിന്തിക്കുന്നുവോ?

നമ്മെയും എല്ലാ മനുഷ്യരെയും ദൈവമക്കളായി നാം കാണുകയും, മററുള്ളവർ നമ്മെപ്പോലെ ആണെന്ന് ചിന്തിച്ച് അവരുമായി താദാത്മ്യം പ്രാപിക്കുകയുമാണ് സ്നേഹത്തിൽ നിറയുന്നതിനും ആത്മാഭിമാനം കാക്കുന്നതിനുമുള്ള ഏകമാർഗം. അതിനായി മുട്ടിപ്പായി പ്രാർത്ഥിക്കുകയും എല്ലാം സ്നേഹത്തിൽ ചെയ്വാൻ പരിശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (1 കൊരി. 16: 14).

യഥാർത്ഥ ആത്മാഭിമാനമുള്ളവർ എന്ത് ത്യാഗം സഹിച്ചും അത് പരിപാലിക്കും. അങ്ങിനെയുള്ളവർക്കാണ് മററുള്ളവരെ ബഹുമാനിക്കാൻ കഴിയുന്നത്. അങ്ങനെയുള്ളവരെ മാത്രമേ യഥാർത്ഥത്തിൽ ലോകം ബഹുമാനിക്കുകയുള്ളൂ. അവർക്കു മാത്രമേ ദൈവത്തിൻെറ അഭിനന്ദനം ലഭിക്കൂ.

—o—

# ബൈബിൾ പഠനം

ഡീ. എം. സി. ചെറിയാൻ

**പാഠം 55**
**1 തിമൊഥെയൊസ്**

വിജയിയുടെ പേരും വിലാസവും

പേര്. സിസി ജോർജ്
വിലാസം. കളരിക്കൽ കുളനട P. O,
പന്തളം.
ഭദ്രാസനം. ചെങ്ങന്നൂർ
രജി. നമ്പർ. 4941

**പാഠം 58**
**ഫിലേമോൻ**

പ്രവേശനഫാറം

പേര് ..............................................
വിലാസം..............................................
ഭദ്രാസന ..............................................
രജി: നമ്പർ....................

## പാഠം 55 (ഉത്തരം)

1. 11; 1: 1, 2, 12, 14, 15; 2: 6; 3: 13; 4: 6; 5: 21; 6: 14.
2. 3 (1: 5) ശുദ്ധഹൃദയം, നല്ല മനസാക്ഷി, നിർവ്യാജ്യ വിശ്വാസം.
3. 14 (1: 8–10) അധർമ്മികൾ, അഭക്തർ, അനുസരണംകെട്ടവർ, പാപികൾ, അശുദ്ധർ, ബാഹ്യൻമാർ, പിതൃഹന്താക്കൾ, മാതൃഹന്താക്കൾ, കൊലപാതകർ, ദുർന്നടപ്പുകാർ, പുരുഷമൈഥുനക്കാർ, നരമോഷ്ടാക്കൾ, ഭോഷ്ക്കു പറയുന്നവർ, കള്ളസത്യം ചെയ്യുന്നവർ.
4. 2 (1: 20) ഹുമനയോസും അലെക്സന്തരും.
5. 2 (1: 18) വിശ്വാസവും നല്ല മനസാക്ഷിയും.
6. 13 (3: 2–7) നിരപവാദ്യൻ, ഏകഭാര്യയുടെ ഭർത്താവ്, നിർമ്മദൻ, ജിതേന്ദ്രിയൻ, സുശീലൻ, അതിഥിപ്രിയൻ, ഉപദേശിപ്പാൻ സമർത്ഥൻ, ശാന്തൻ, കലഹിക്കാത്തവൻ, ദ്രവ്യാഗ്രഹമില്ലാത്തവൻ, സ്വന്തം കുടുംബത്തെ നന്നായി ഭരിക്കുന്നവൻ, മക്കളെ അനുസരണത്തിൽ പാലിക്കുന്നവൻ, നല്ല സാക്ഷ്യം പ്രാപിച്ചവൻ.
7. 3 (3: 3–6) മദ്യപ്രിയൻ, തല്ലുകാരൻ, പുതിയ ശിഷ്യൻ.
8. 3 (4: 13) വായന, പ്രബോധനം, ഉപദേശം.
9. 6 (6: 11) നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത.
10. 60: 5–9.
11. 55.

ന്നു. കോലഞ്ചേരി ആശുപത്രി സ്റ്റാഫും പ്രത്യേകിച്ച് അഡ്മിനിസ്ട്രേറ്റർ ശ്രീ. ചെറിയാൻ കോരയും, നേഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ മറിയാമ്മ വറുഗീസും മററും ആശുപത്രിക്ക് വേണ്ടതായ നിർദ്ദേശങ്ങൾ തന്നും സാധനങ്ങൾ ശേഖരിച്ചും മററും ചെയ്തുതന്ന സഹായങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ഓതറയിലെ സെ. മേരീസ് കോൺവൻറിൽനിന്നും, കിഴക്കമ്പലത്തെ അന്ന അലുമിനിയം കമ്പനിയിൽനിന്നും, ജർമ്മനി മുതലായ സ്ഥലങ്ങളിൽനിന്നും സംഭാവനകൾ ലഭിച്ചതും നന്ദിപൂർവം സ്മരിക്കുന്നു. എന്നാൽ അത്യന്താപേക്ഷിതമായ വികസന പ്രവർത്തനങ്ങൾക്ക് ഇനിയും വൻതുകകൾ വേണ്ടിയിരിക്കുന്നുവെന്ന വസ്തുത അറിയിച്ചുകൊള്ളട്ടെ.

വണ്ടൻമേട്ടിനടുത്ത് പുററടിയെന്ന സ്ഥലത്തുനിന്നും കമ്പംമേട്ടിന് പോകുന്ന വഴിയിൽ 4 കി. പോയാൽ, ഈ ആശുപത്രിയിൽ വന്നെത്താം. കോട്ടയത്തുനിന്നും ചെങ്ങനാശേരിയിൽനിന്നും കമ്പംമേടിനുള്ള ബസിൽ കയറിയാൽ ആശുപത്രിയുടെ സമീപത്ത് ഇറങ്ങാം. കോതമംഗലത്തുനിന്നും കുമളിക്കുള്ള ബസസിൽ കയറിയാൽ പുററടിയിൽ ഇറങ്ങി മറെറാരു ബസസിൽ കയറണം.

കൂടുതൽ വിവരങ്ങൾക്ക്, മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, ഇടുക്കി ഓർത്തഡോക്സ് മെഡിക്കൽ സെൻറർ, നെററിത്തൊഴു– 685551 എന്ന വിലാസത്തിലെഴുതിയാൽ മതി. ഏവരുടേയും ഉദാരമായ സംഭാവനകളും പ്രാർത്ഥനാസഹായവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

—മാത്യൂസ് മാർ ബർന്നബാസ്
മെത്രാപ്പോലീത്താ



## ശരിയായ ഉത്തരം അയച്ചുതന്നവർ

1. സിസി ജോർജ്, കുളനട.
2. കോശി മത്തായി, നന്ദിനി.
3. പി. സി. ചെറിയാൻ, ദുർഗ്.
4. ഗ്രേസ് പി. മാത്യു, ചെങ്ങന്നൂർ.
5. ലോഫ്സൻ കെ. സി, ചൊവ്വന്നൂർ.
6. മോളി മാത്യൂസ്, നാരങ്ങാനം.
7. ജസി ജോർജ്, പന്തളം.
8. സുനു മെർളിൻ, കുളനട.
9. ററി. ഡി. ജോർജുകുട്ടി, മദ്രാസ്.
10. മേരിക്കുട്ടി ജോർജ്, കുളനട.
11. മേരി പുന്നൻ, ഭീലായ്.
12. മേഴ്സി ചെറിയാൻ, റെണുക്കൂട്.
13. എസ്ററിമോൾ, പഴഞ്ഞി.
14. സഖറിയാ പനയ്ക്കാമററം.
15. എസ്. തോമസ്, പുനലൂർ.
16. തങ്കമ്മ ഏബ്രഹാം, ആനന്ദ്.
17. ബീന സി. സി, ഓണക്കൂർ.
18. കെ. വി. ഈപ്പൻ, കുരോപ്പട.
19. രാജു വറുഗീസ്, ചക്കുപള്ളം.
20. എം. വി. പൗലോസ്, ചെല്ലക്കോട്.
21. പി. ററി. കുര്യൻ, പാററ്ന.
22. വി. സി. ഡാനിയേൽ, കൽക്കട്ട.
23. മാത്യു തോമസ്, മാവേലിക്കര.
24. ഗീവറുഗീസ് അച്ചൻകുഞ്ഞ്, താന.
25. വി. ജെ. ററി. കുന്നന്താനം.
26. മറിയാമ്മ മത്തായി, ദുർഗാർപ്പൂർ.
27. റോസമ്മ കെ. വൈ, ഫരീദാബാദ്.
28. അനിതാ ജോയ്സ്, കാരയ്ക്കാട്.
29. ററി. ജെ. സ്ക്കറിയ, തുമ്പമൺ.
30. ലിസി ജോൺ, മററം.
31. ജയ് കുര്യൻ, മൂലവട്ടം.
32. കുര്യൻ ഏ. കെ, കുമ്മനം.
33. റേ മാത്യു, കടമ്മനിട്ട.
34. കെ. ഐ. ജോസഫ്, കുന്തിരിക്കൽ.
35. കെ. വി. തോമസ്, കരഗ്പൂർ.

## പാഠം 58
## ഫിലേമോൻ

1. പുതിയ നിയമത്തിൽ 1 അദ്ധ്യായം മാത്രമുള്ള എത്ര പുസ്തകങ്ങൾ ഉണ്ട് ?
2. പാഠത്തിലെ ആകെ വാക്യം എത്ര ?
3. എത്രപേരാണ് ലേഖനം എഴുതിയത് ?
4. ലേഖനം ആർക്കെഴുതി എന്നതിൽ പേരു പറയപ്പെടുന്നവർ എത്ര ?
5. യേശുക്രിസ്തു എന്ന പദം എത്ര ?
6. ക്രിസ്തുയേശു എന്ന പദം എത്ര ?
7. ക്രിസ്തു എന്ന പദം എത്ര ?
8. സഹോദരാ എന്ന വാക്ക് എത്ര ?
9. ലേഖനത്തിൽ പേരു പറയപ്പെട്ടവർ എത്ര ?
10. പ്രാർത്ഥന എന്ന പദം എത്ര പ്രാവശ്യം ?
11. ചോദ്യം 1–നോട് ചോദ്യം 2 കൂട്ടുക. അതിനെ ചോദ്യം 3 കൊണ്ട് ഗുണിക്കുക. അതിനോട് ചോദ്യം 4 കൂട്ടുക. അതിൽനിന്നും ചോദ്യം 9 കുറയ്ക്കുക. വീണ്ടും ചോദ്യം 5 കൂട്ടുക. വീണ്ടും ചോദ്യം 6 കൂട്ടുക. വീണ്ടും ചോദ്യം 7 കൂട്ടുക. അതിൽനിന്നും ചോദ്യം 8 കുറയ്ക്കുക. അതിനോട് ചോദ്യം 10 കൂട്ടുക. നിങ്ങളുടെ ഉത്തരം എത്ര ?

പാഠം 55-ൻെറ ഉത്തരവും വിജയിയുടെ പേരും വിലാസവും ഉത്തരം അയച്ചുതന്നവരുടെ പേരുകളും ഇതിൽ കൊടുത്തിട്ടുണ്ട്. ഈ പഠനപംക്തി തീരുന്നതുവരെയും സംഖ്യയുമായി ബന്ധപ്പെട്ട ചോദ്യങ്ങളായിരിക്കും ചോദിക്കുക. കാരണം കണക്കുപയോഗിച്ചു വേദപുസ്തകം പഠിക്കുക എന്ന ഉദ്ദേശത്തിലാണല്ലോ ഈ പംക്തി ആരംഭിച്ചത്. അതുകൊണ്ട് ചോദ്യരീതിയിൽ വ്യത്യാസം വരുത്തുന്നതല്ല. പ്രസക്തങ്ങളായ ചോദ്യങ്ങൾ കുറിച്ചുവച്ചാൽ പിന്നീട് അതു പ്രയോജനപ്പെടുത്താം.

മാസികയുടെ കുടിശിക, മാനേജർ, മലങ്കരസഭ മാസിക, കോട്ടയം—38 എന്ന വിലാസത്തിലയക്കുക. മാസികയിൽതന്നെ വിലാസം ഉണ്ടല്ലൊ.

പലരും മാസിക താമസിച്ചു ലഭിക്കുന്നതായി പരാതിപ്പെടുന്നു. അതിനു ബദൽ സംവിധാനം ഏർപ്പെടുത്തുക പ്രയാസമാണ്. എന്നാൽ താമസിച്ചുവരുന്ന ഉത്തരം (ശരിയുത്തരം മാസികയിലേക്ക് അയക്കുന്നതിനു മുൻപ് ലഭിച്ചാൽ) പരിഗണിക്കുന്നതാണ്. സാധാരണ ഒരു മാസത്തിനു ശേഷമാണ് ഉത്തരം അയച്ചുകൊടുക്കാറുള്ളത്. അതുകൊണ്ട് താമസിച്ചു വരുന്ന ഉത്തരവും പരിഗണിക്കുന്നതാണ്. അടുത്ത പാഠത്തോടെ പൗലോസിൻെറ ലേഖനങ്ങളും അവസാനിക്കുകയാണ്. എബ്രായലേഖനം നേരത്തെ വായിക്കുക. അനേകം ചോദ്യങ്ങൾ ഉള്ളതിൽ 10 എണ്ണമല്ലേ തിരഞ്ഞെടുക്കുന്നത്. ശ്രദ്ധിച്ചു വായിക്കുക. ശരിയായ ഉത്തരം അയച്ചുതരുക. പംക്തി തീരുന്നതുവരെ സഹകരണം പ്രതീക്ഷിക്കുന്നു. ഈ പാഠത്തിൻെറ ഉത്തരം പാഠം 58, ബൈബിൾ പഠനം, C/o. Dn. M. C. Cherian, Orthodox Student's Centre, Trivandrum–695 001 എന്ന വിലാസത്തിൽ അയക്കുക.

# സഭാ വാർത്തകൾ

## ഫാ. നൂറനാൽ Y·M·C·A· പ്രസിഡൻറ്



കോഴിക്കോട്: ഫാ. മത്തായി നൂറനാൽ വൈ. എം. സി. എ. പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു.

സുൽത്താൻ ബത്തേരി സെ. മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരിയായ ഇദ്ദേഹം മലങ്കരസഭാ മാനേജിംഗ് കമ്മററി, വർക്കിംഗ് കമ്മററി എന്നിവയിൽ അംഗവും സുൽത്താൻ ബത്തേരി ഭദ്രാസന അഡ്മിനിസ്ട്രേററുമാണ്.

സെൻറ് മേരീസ് കോളേജ് സ്ഥാപകനായ ഇദ്ദേഹം ഗവർണിംഗ് ബോർഡ് സെക്രട്ടറിയും കാലിക്കററ് യൂണിവേഴ്സിററി സെനററ് അംഗവുമാണ്.

സുൽത്താൻ ബത്തേരി സഹകരണ ബാങ്ക് പ്രസിഡൻറായ ഫാ. നൂറനാൽ വയനാട് ജില്ലാ സഹകരണബാങ്കിൻേറയും സംസ്ഥാന സഹകരണ ബാങ്കിൻേറയും ഡയറക്ടറാണ്.

സാമൂഹ്യ സാംസ്കാരിക സഹകരണ വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഫാദർ നൂറനാൽ മലബാറിൽ കുടിയേററജനതയുടെ പ്രമുഖ നേതാവാണ്.

മലങ്കരസഭയുടെ ഒരു ആയുഷ്ക്കാല മെമ്പർ കൂടിയായ ബ. അച്ചൻെറ സ്ഥാനലബ്ധിയിൽ മലങ്കരസഭയുടെ അഭിനന്ദനങ്ങൾ.

## കശീശാപട്ടം നൽകി

### ഡീക്കൻ കുര്യാക്കോസ്

പുതുപ്പാടി സെ. പോൾസ് ആശ്രമാംഗമായ തെങ്ങേലി സെ. ജോർജ്ജ് ഇടവകയിൽ കളപ്പുരയ്ക്കൽ കുര്യാക്കോസ് ശെമ്മാശന് മേയ് 12–ാം തീയതി പുതുപ്പാടി സെ. പോൾസ് ചാപ്പലിൽ വച്ച് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കശീശാപട്ടം നൽകി. തുടർന്ന് തിരുമനസിലെ അദ്ധ്യക്ഷതയിൽ ചേർന്ന അനുമോദനസമ്മേളനത്തിൽ പുതുപ്പാടി ആശ്രമ സുപ്പീരിയർ ഫാ. തോമസും തെങ്ങേലി പള്ളിവികാരി ഫാ. ഉമ്മൻ പി. അബ്രഹാമും പ്രസംഗിച്ചു.

### ഡീക്കൻ എബ്രഹാം ഉമ്മൻ

കോഴഞ്ചേരി വട്ടപ്പറമ്പിൽ ഡീക്കൻ എബ്രഹാം ഉമ്മന് (വിനയൻ) ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തിൽ പരുമല സെമിനാരിയിൽവച്ച് മേയ് 21–ാം തീയതി കശീശാപട്ടം നൽകി.

### ഡീക്കൻ എബ്രഹാം ജോർജ്ജ്

പ കാതോലിക്കാബാവാ തിരുമനസിലെ സെക്രട്ടറി എന്ന നിലയിൽ എട്ടു വർഷമായി സേവനം അനുഷ്ടിച്ചുവന്ന പുതുമന ഡീക്കൻ എബ്രഹാം ജോർജിന് (പാറമ്പുഴ ശെമ്മാശൻ) പ. കാതോലിക്കാബാവാ തിരുമനസുകൊണ്ട് ദേവലോകം അരമന ചാപ്പലിൽവച്ച് മേയ് 9–ാം തീയതി കശീശാപട്ടം നൽകി. തുടർന്ന് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ നവവൈദികന് ആശംസകൾ നേർന്നുകൊണ്ട് പ്രസംഗിച്ചു. ഫാ. എബ്രഹാം പുതുമന ആശംസകൾക്ക് നന്ദി പറഞ്ഞു.

### ഡീക്കൻ തോമസ് കുര്യൻ

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം ഹൈസ്ക്കൂൾ വിഭാഗത്തിൻെറ സെക്രട്ടറി അരീപ്പറമ്പ് മരോട്ടിപ്പുഴ ഡീക്കൻ തോമസ് കുര്യന് പ. കാതോലിക്കാബാവാ തിരുമേനി മേയ് 16–ാംനു കോട്ടയം പഴയസെമിനാരിചാപ്പലിൽവച്ച് കശീശാപട്ടംനൽകി. അഭിവന്ദ്യരായ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ്, ജോസഫ് മാർ പക്കോമിയോസ്, മാത്യൂസ്



മാർ എപ്പിഫാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നീ തിരുമേനിമാരും സംബന്ധിച്ചിരുന്നു.

വി. കുർബാനയ്ക്കുശേഷം നടന്ന അനുമോദനയോഗത്തിൽ പ. കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ചു. ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, റവ. ഡോ. വി. സി. ശമുവേൽ, കേന്ദ്രമന്ത്രി എം. എം. ജേക്കബ്, ഡോ. കെ. എം. തരകൻ എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രസംഗിച്ചു. നവ വൈദികൻ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

## പൗരോഹിത്യ രജതജൂബിലി



നീലിമംഗലം മാർ ഗ്രീഗോറിയോസ് കാതോലിക്കേററ് സെൻറർ പള്ളിവികാരി ചിലമ്പിട്ടുശേരിൽ ഫാ. സി. എം. ജോണിൻെറ പൗരോഹിത്യ രജതജൂബിലി മേയ് 31–ാം തീയതി ആഘോഷിച്ചു. അന്നേദിവസം രാവിലെ പ. കാതോലിക്കാബാവാതിരുമേനി കാതോലിക്കേററ് സെൻററിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് ചേർന്ന സമ്മേളനത്തിൽ തിരുമേനി അദ്ധ്യക്ഷം വഹിച്ചു. പി. സി. യോഹന്നാൻ റമ്പാൻ, ഫാ. മാണി കല്ലാപ്പുറം, പി. കെ. വർക്കി, പ്രൊഫ. ടൈററസ് വർക്കി, ബേബി അലക്സ്, എൻ. ഗ്രിഗറി എന്നിവർ ജൂബിലേറിയന് ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു. ബ. അച്ചൻ ആശംസകൾക്ക് മറുപടി പറഞ്ഞു. അച്ചൻെറ ഒരു ഫോട്ടോ കാതോലിക്കേററ് സെൻററിൽ പ. ബാവാ അനാഛാദനം ചെയ്തു.

## ക്വിസ് മത്സര വിജയം

ചെങ്ങന്നൂർ: ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഇലഞ്ഞിമേലേത്ത് ഈ. ജോൺ മെമ്മോറിയൽ ട്രോഫിക്കുവേണ്ടി ഭദ്രാസനത്തിലെ യുവജനപ്രസ്ഥാന യൂണിററുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ക്വിസ് മത്സരത്തിൽ തോട്ടപ്പുഴ എം. ജി. എം. യൂണിററ് ഒന്നാം സ്ഥാനം നേടി ട്രോഫി കരസ്ഥമാക്കി. കുട്ടംപേരൂർ എം. ജി. എം., പുറമററം സെ. മേരീസ് എന്നീ യൂണിററുകളുടെ ആഭിമുഖ്യത്തിൽ നടന്ന ക്വിസ് മത്സരങ്ങളിലും തോട്ടപ്പുഴ യൂണിററ് ഒന്നാം സ്ഥാനം നേടി. വിവിധ മത്സരങ്ങളിൽ വർഗീസ് ജോൺ, ഫെഡ്ഡി പി. സാം, ജോൺ മത്തായി, ജേക്കബ് മത്തായി എന്നിവർ യൂണിററിനെ പ്രതിനിധീകരിച്ചു.

## ഷഷ്ട്യബ്ദപൂർത്തി



പുത്തൂർ സെ. പീറേറഴ്സ് ഓർത്തഡോക്സ് പള്ളിവികാരി കിണററുംകര കെ. ഐസക് കത്തനാരുടെ ഷഷ്ട്യബ്ദപൂർത്തി ഏപ്രിൽ 28–ാം തീയതി പുത്തൂർ പള്ളിയിൽ ആഘോഷിച്ചു. പള്ളിപെരുനാളിനോടു ചേർന്ന് വി. കുർബാനയെത്തുടർന്ന് കൊല്ലം ഭദ്രാസന സെക്രട്ടറി ഫാ. മത്തായി വിലനിലം അദ്ധ്യക്ഷത വഹിച്ച ഷഷ്ഠിപൂർത്തി സമ്മേളനം നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി ഉൽഘാടനം ചെയ്തു. ഫാ. സി. ജോർജ് പണിക്കർ, ററി. വി. തോമസ്, രാജൻ എം. പണിക്കർ, സി. വി. ജോൺ എന്നിവർ ബ. ഐസക്കച്ചന് ആശംസകൾ നേർന്നു പ്രസംഗിച്ചു. കെ. കെ. മാത്യു പണിക്കർ മംഗളപത്രം വായിച്ചു സമർപ്പിച്ചു. ഡീക്കൻ തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചു. ഫാ. ഐസക്ക് സമുചിതമായി മറുപടി പറഞ്ഞു.

## ഭദ്രാസന വാർഷിക പൊതുയോഗം

തുമ്പമൺ ഭദ്രാസനത്തിൻെറ 1986–ലെ വാർഷികപൊതുയോഗം മെയ് മാസം 1–ാം തീയതി

## വിദ്യാർത്ഥി പ്രസ്ഥാനം മാർഗനിർദ്ദേശക ക്യാമ്പ് സമാപിച്ചു.

കോട്ടയം. മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒമ്പതാം ക്ലാസിലെ ഏററവും സമർത്ഥരായ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ മാർഗ നിർദ്ദേശക ക്യാമ്പ് ഈ വർഷം ഏപ്രിൽ 26—മുതൽ മെയ് 3 വരെ നടത്തപ്പെട്ടു. 26—ാം തീയതി ജസ്ററിസ് കെ. ററി. തോമസ് ക്യാമ്പിന്റെ ഉത്ഘാടനകർമ്മം നിർവഹിച്ചു. പ്രസ്ഥാനം പ്രസിഡന്റ് ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ആർ. ഡി. ഒ. ലിഡാ ജേക്കബ്, കെ. ജി. കോളജ് പ്രിൻസിപ്പൽ. പ്രൊ. റൈററസ് വർക്കി എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് സ്വാഗതവും പ്രോഗ്രാം സെക്രട്ടറി ഡീക്കൻ തോമസ് കുര്യൻ കൃതജ്ഞതയും പറഞ്ഞു.

2—ാം തീയതി ശനിയാഴ്ച നടന്ന ധ്യാനത്തിന് ഫാ. ജോബ് ഒ. ഐ. സി. നേതൃത്വം നല്കി. സഭാ കവി സി. പി. ചാണ്ടി വിനോദവേളയ്ക്കും പി. തോമസ് പിറവം സംഗീതപരിശീലനത്തിനും, ഡീക്കൻ എം. സി. ചെറിയാൻ ക്വിസ് മത്സരത്തിനും നേതൃത്വം നല്കി.

ക്യാമ്പ് അംഗങ്ങൾ ദേവലോകം അരമനയിൽ എത്തി കാലം ചെയ്ത പരിശുദ്ധ പിതാക്കന്മാരുടെ കബറിങ്കൽ പ്രാർത്ഥന നടത്തുകയും പരിശുദ്ധ ബാവാ തിരുമേനിയെ സന്ദർശിച്ച് അനുഗ്രഹാശസുകൾ സ്വീകരിക്കുകയും ചെയ്തു. പരിശുദ്ധ ബാവാ തിരുമേനി കുട്ടികൾക്കായി പ്രത്യേക കാപ്പി സൽക്കാരവും നടത്തി.

സമാപന ദിവസം രാവിലെ അഭിവന്ദ്യ മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്ത പഴയ സിമ്മനാരി ചാപ്പലിൽ വി. കുർബാന അർപ്പിക്കുകയും ക്യാമ്പ് അംഗങ്ങൾക്കു വി. കുർബാന നല്കുകയും ചെയ്തു തുടർന്ന് 11 മണിക്കു ചേർന്ന സമാപന സമ്മേളനത്തിൽ അഭിവന്ദ്യ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. വനിത അസിസ്ററന്റ് എഡിററർ ഇന്ദു. ബി. നായർ സമാപന സന്ദേശം നല്കി. പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ, മാത്യു ശങ്കരത്തിൽ, ജോയൻ കുമരകം എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺ തോമസ് സ്വാഗതവും പ്രോഗ്രാം സെക്രട്ടറി ഡീക്കൻ തോമസ് കുര്യൻ നന്ദിയും പ്രകാശിപ്പിച്ചു. കലാമത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങളും നല്കപ്പെട്ടു. അഭിവന്ദ്യരായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത, ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത എന്നിവരും ക്യാമ്പ് സന്ദർശിച്ചു.

## ബോംബെ ഭദ്രാസന വാർത്തകൾ

### മേഖലാ സമ്മേളനം

അഖിലേന്ത്യാ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഗുജറാത്തു മേഖലയുടെ ഒരു ത്രിദിന ക്യാമ്പ് നർമ്മദാ നദി തീരത്തുള്ള ബ്രോച്ച് സി. എൻ. ഐ. കാമ്പസിൽ വച്ച് നടത്തുകയുണ്ടായി. ''ലോക വെല്ലുവിളിയുടെ മദ്ധ്യേ ഓർത്തഡോക്സ് വിശ്വാസം'' എന്നതായിരുന്നു കോൺഫ്രൻസിന്റെ ചിന്താ വിഷയം റവ. ഡോ. കെ. എം. ജോർജ്, റവ. ഫാ. ലാസറസ്. ഒ. ഐ. സി. എന്നിവർ ക്യാമ്പിനു നേതൃത്വം നല്കി. ഗുജറാത്തു മേഖലയിലുള്ള മിക്ക പട്ടക്കാരും, സിസ്ററർ ദീനായും ക്യാമ്പിൽ താമസിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കു ഉത്തേജനം നല്കി. റവ: ഫാ. ലാസറസ് ഒ. ഐ. സിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ ചീഫ് സെക്രട്ടറി ശ്രീ സി. കെ. കോശി ഐ. എ. എസ്, ബ്രോച്ച് ജില്ലാ കളക്ടർ ശ്രീ. റാവു ഐ. എ. എസ് എന്നിവർ പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. മി. ജോയ്സ് സാമുവേൽ, ജനറൽ സെക്രട്ടറി ആമി (ബറോഡാ) പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

### വാർഷിക ധ്യാനം

അഹമ്മദ്ബാദ് സെന്റ് മേരീസ് ഇടവകയുടെ വാർഷിക ധ്യാനവും ആദ്ധ്യാത്മീക സംഘടനകളുടെ വാർഷികവും റവ: ഫാ: ലാസറസ്. ഒ. ഐ. സി യുടെ നേതൃത്വത്തിൽ നടന്നു.

ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഇംഗ്ലീഷ് സ്ക്കൂളിന്റെ വാർഷികദിനവും പുതുതായി വാങ്ങിയ സ്ഥലത്തുവച്ച് നടക്കുകയുണ്ടായി. ഫാ.: ലാസറസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ജില്ലാ സബ്കളക്ടർ ശ്രീമതി ഷീലാ ബെൻ ഉത്ഘാടനം ചെയ്യുകയുണ്ടായി.

ബോംബോ മേഖലയിലുള്ള കല്യാൺ സെ. തോമസ്, മലാഡ് സെന്റ് തോമസ്, ബോറിവിൽ സെന്റ് ജോർജ് എന്നീ ഇടവകകളുടെ വാർഷീക ധ്യാന യോഗങ്ങൾ ഫാ: ലാസറസ് ഒ. ഐ. സി യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരിക്കുന്നു.

### വൈദീക സമ്മേളനം.

ബോംബേ ഭദ്രാസനത്തിലെ വൈദികരുടെ ഏകദിന ധ്യാനവും സമ്മേളനവും ദാദർ സെന്റ് മേരീസ് പള്ളിയിൽ വച്ചു നടത്തി. ഫാ. ടി സി. മത്തായി ധ്യാനത്തിനു നേതൃത്വം നൽകി. ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ തേയോഫീലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കൽക്കത്താ ഭദ്രാസനത്തിന്റെ മാർ തോമ്മാദോസ്യോസ്, റവ. ഫാ. ജോർജ് കുര്യൻ എന്നിവർ സംസാരിച്ചു. ഭദ്രാസനത്തിലെ ബഹു ഭൂരിപക്ഷം പട്ടക്കാരും ഈ ധ്യാന യോഗത്തിൽ സംബന്ധിച്ചിരുന്നു.



പ. കാതോലിക്കാ ബാവാ ദേവലോകം അരമന ചാപ്പലിൽവച്ച് ഡീക്കൻ ഏബ്രഹാം പുതുമനയ്ക്ക് കശ്ശീശാ പട്ടം നൽകുന്നു.


## എം. ഒ. സി. പബ്ളിക്കേഷൻസ്

### ദേവലോകം, കോട്ടയം

| | രൂ. സ. |
|---|---|
| ക്യംതാസ്ളീബാ നമസ്ക്കാരം & കുർബാനക്രമം | 10 00 |
| ക്യംതാസ്ളീബാ നമസ്ക്കാരം & കുർബാനക്രമം പ്രത്യേക ദിവസങ്ങളിലെ പാട്ടുകൾ, കുമ്പസാരക്രമം, മദ്ധ്യസ്ഥപ്രാർത്ഥന മുതലായവ ചേർന്നത് | 15 00 |
| നോമ്പിലെ പ്രുമിയോൻ | 20 00 |
| സാധാരണ കുടുംബാരാധനക്രമം | 1 50 |
| ,, പ്ളാസ്ററിക് കവർ | 2 50 |
| നോമ്പിലെ കുടുംബാരാധനക്രമം | 3 50 |
| ,, പ്ളാസ്ററിക് കവർ | 5 00 |
| ദുഃഖവെള്ളിയാഴ്ച ഗീതങ്ങൾ | 2 50 |
| ,, പ്ളാസ്ററിക് കവർ | 5 00 |
| ഹാശാ ഗീതങ്ങൾ | 1 50 |
| Truth Triumphs—Life and Achievements of Vattasseril Mar Dionysius by Rev. Dr. V. C. Samuel | 20 00 |
| Qurbanakramam English – Plastic Cover | 10 00 |
| Childrens Book of Common Prayer | 3 00 |

കന്തീലാ കഹനൈത്താക്രമം (ഗദ്യം), സുന്നഹദോസ് തയ്യാറാക്കിയ സന്ദർഭോചിത പ്രാർത്ഥനകൾ, പരിഷ്ക്കരിച്ച വി. വേദവായനക്കുറിപ്പ് എന്നിവ അച്ചടിയിൽ

കൂടുതൽ വിവരങ്ങൾക്ക് എഴുതുക: ഫാ. ററി. ജി. സഖറിയ, സെക്രട്ടറി
എം. ഒ. സി. പബ്ളിക്കേഷൻസ്
ദേവലോകം, കോട്ടയം—38.

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686 038

മദ്ധ്യസ്ഥതയാൽ രോഗസൗഖ്യം ലഭിച്ചതിന്



**SUSAN VARKEY**
**DUBAI**

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas